പുകയിലയുടെ പ്രധാനമായ അംശം നിക്കോട്ടിൻ ആണ്. ഈ രാസപദാർത്ഥമാണ് പുകയിലയ്ക്കു അതിന്റെ ഗുണങ്ങൾ പ്രദാനം ചെയ്യുന്നത്. അതിഭയങ്കരമായ ഒരു വിഷമാണിത്. രണ്ടു സിഗററിൽ അടങ്ങിയിരിക്കുന്ന നിക്കോട്ടിൻ എടുത്തു ഒരാളുടെ ശരീരത്തിൽ കുത്തിവെച്ചാൽ ആരും മരിച്ചുപോകും. ഇതിനും എതിർപക്ഷമുണ്ടാകാം. എന്നാൽ നാം സിഗററോ ബീഡിയോ വലിക്കുമ്പോൾ ഉണ്ടാകുന്ന പുകയുടെ മൂന്നിലൊരുഭാഗം മാത്രമേ വായിൽ എത്തുന്നുള്ളു. വായിൽ പ്രവേശിക്കുന്ന ഒരു ഭാഗം പുകയുടെ വളരെ ചെറിയ ഒരംശം മാത്രമേ ശ്വാസകോശത്തിൽ എത്തുന്നുള്ളു. അതേസമയം വേഗത്തിൽ വലിക്കുന്നതായാൽ ശരീരത്തിൽ പ്രവേശിക്കുന്ന നിക്കോട്ടിന്റെ അംശം വർദ്ധിക്കും. അതുപോലെ ചുണ്ടു വട്ട ഇടങ്ങുന്നതുവരെ വലിച്ചുതീർക്കുന്ന സമ്പ്രദായവും കൂടുതൽ നിക്കോട്ടിൻ അകത്തു കയറാൻ സഹായിക്കും. ദിവസം ഒരു പാക്കററ് സിഗററ് ഉപയോഗിക്കുന്ന സാധാരണക്കാരൻ ഒരാണ്ടിൽ 400 മില്ലിഗ്രാം നിക്കോട്ടിൻ അകത്താക്കുന്നുണ്ട്. ഇതു ഒന്നിച്ചു ശരീ



By George A. Vadancherry, II B.Sc.

# PAINTING WITH LIGHT



By John Panakal, II B.S .



By P. M. A. Gaffoor, II B. Sc.



By John Panakal, II B.Sc.

# Botany Students on Tour

*Photos by*

*K. N. Jayaram, III B. Sc.*



A map of India made of plants in the Botanical gardens at Ootty



In conversation with a European lady Botanist and her child.



A visit to Sim's Park.



Ready for plant collection.



Good Bye! to the Pomological stations.

ത്തിൽ പ്രവേശിക്കുകയാണെങ്കിൽ ആറു മാത്രക്കുള്ളിൽ മരിച്ചുപോകും. പക്ഷെ പുകവലികൊണ്ട് നമ്മുടെ ശരീരത്തിൽ അന്തർലീനമാകുന്ന നിക്കോട്ടിൻ അപ്പപ്പോൾ തന്നെ പുറംതള്ളപ്പെടുന്നുമുണ്ട്. അതിനാലാണ് പുകവലിക്കാരൻ മരണത്തിനു വിധേയനാവാത്തതു്.

എങ്ങിനെയായാലും, പുകവലികൊണ്ട് ശാരീരികമായ യാതൊരു ഗുണവും ഇല്ല. കഠിനമായ വിശപ്പുള്ള സമയങ്ങളിൽ ഒരു ബീഡിയോ, സിഗററ്റോ കിട്ടിയാൽ അതുകൊണ്ട് തൃപ്തിപ്പെടുന്നവർ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. പലപ്പോഴും, ദിവസം മുഴുവനും പുകവലികൊണ്ട് ഉപജീവിച്ചുപോരുന്നവരും ഇല്ലാതില്ല. ഒരു ബീഡിയോ സിഗററ്റോ കിട്ടാതിരുന്നാൽ പുകവലിക്കാർക്കുണ്ടാകാവുന്ന വിഷമത്തെപ്പററി പറയാനാവില്ല. നിരാശയിലും ക്ലേശങ്ങളിലും ഉണ്ടാകുന്ന മനോവൈഷമ്യത്തെ പരിഹരിക്കാൻ പുകവലി ഗണ്യമായി സഹായിക്കുന്നുണ്ട്.

പുകവലി തൊണ്ടയ്ക്കു ദോഷമാണോ എന്നുള്ള കാര്യത്തിൽ വൈദ്യവിദഗ്ദ്ധന്മാർ പലർക്കും ഭിന്നാഭിപ്രായമാണ്. എന്നാൽ ഒരു കാര്യം തീർച്ചയാണ്. പുകവലി തൊണ്ടയ്ക്കു ആശ്വാസപ്രദമല്ല. പുകയിലയിൽ കറയുണ്ടെന്നുള്ളതും തർക്കമററ സംഗതിയാണ്. പുകയിലപ്പുക മുണ്ടിലോ, മറേറാ ഊതിയാൽ കാണുന്ന നിറംമാററത്തിനു കാരണം ഇതാണ്. കപ്പലിന്റെയും, മററു യന്ത്രങ്ങളുടേയും പുകക്കുഴലിനു ചുററും കരി പററിപ്പിടിക്കുന്നതിനു തുല്യമാണ് ഈ പുകയിലക്കറ. അതിൽ അടങ്ങിയിട്ടുള്ള രാസവസ്തു ബെൻസോ-പൈറിൻ നിക്കോട്ടിനെപ്പോലെ ശക്തിയുള്ള വിഷമല്ലെങ്കിലും, തൊണ്ടയ്ക്കു അസുഖമുണ്ടാക്കുന്നതാണ്. ദിവസം ഒരു പാക്കററുവീതം ഒരു കൊല്ലം സിഗററ് വലിക്കുമ്പോൾ ഒരാളുടെ തൊണ്ടയിലും ശ്വാസകോശത്തിലും 27 ഔൺസ് പുകയിലക്കറ പററിപ്പിടിച്ചിരിക്കും. സാധാരണ പുകവലിക്കാർക്കു ചുമ അനുഭവപ്പെട്ടുകാണുന്നതു്, തൊണ്ടയ്ക്കും നാവിനും ഉണ്ടാകുന്ന അസുഖത്തിനു തെളിവാണ്.

വയററിനെയും, ദീപനത്തെയും പുകവലി ബാധിക്കുമോ എന്നുള്ള കാര്യം വളരെ ഗാഢമായി ആലോചിക്കേണ്ടതാണ്. വല്ലാതെ വിശപ്പുള്ള സമയങ്ങളിൽ പുക വലിച്ചാൽ വിശപ്പിന്റെ കെടുതി കുറയുന്നതു് പലർക്കും അനുഭവമാണ്. ഇതിനു കാരണം വലിച്ചു വിഴുങ്ങുന്ന പുക വയററിന്റെ ഭിത്തികളെ മന്ദീഭവിപ്പിക്കുന്നതാണ്. പുകവലികൊണ്ടുള്ള മറെറാരു ദൂഷ്യം അതു രുചിയെ കെടുത്തുമെന്നുള്ളതാണ്. പുകവലികാരണം വയററിൽ പുണ്ണുണ്ടാകുമെന്നും ചില വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

പുകവലി ഹൃദയത്തിനു ദോഷമാണോ എന്നും ആലോചിക്കേണ്ടതാണ്. പുകവലി ഹൃദയത്തിന്റെ ചലനത്തിനു വേഗത കൂട്ടുന്നു. മിനിട്ടിൽ 28 വരെ ആകാമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. പുകയിലയിലെ രാസപദാർത്ഥങ്ങൾ രക്തസമ്മർദ്ദത്തെ താല്ക്കാലികമായി വർദ്ധിപ്പിക്കും. കൈകാലുകളിലെ രക്തനാഡിയെ ചുരുക്കുവാനുള്ള ശക്തിയും പുകയിലയിലുണ്ട്. ചിലപ്പോൾ കാലിലെയും, കൈയിലെയും ചൂട് കുറയും. ശ്വാസകോശത്തിലെ അർബുദം (Cancer) അധികവും പുകവലിക്കാർക്കാണ് കാണുന്നതു്. നാവിലും, ചുണ്ടിലും, കവിളിലും അർബുദം ഉണ്ടാകുവാൻ പുകവലി കാരണമാണെന്ന് തെളിഞ്ഞ സംഗതിയാണ്.

പുകവലി ആയുസ്സിനെ കുറക്കുമോ എന്നുള്ള കാര്യത്തിൽ ഡോക്ടർ. റെമണ്ട് പോൾ (Dr. Remond Paul) പല പരീക്ഷണങ്ങളും നടത്തിയതിന്റെ ഫലമായി ആയുസ്സിനെ സാരമായി ബാധിക്കും എന്ന അനുമാനത്തിലെത്തി. ഒരു പുകവലിക്കാരൻ പുകക്കുന്ന ഓരോ സിഗററും അയാളുടെ ആയുസ്സിൽനിന്ന് 34.6 മിനിട്ട് വെട്ടിക്കുറക്കുമത്രെ. ഈ അഭിപ്രായത്തോടു യോജിക്കുന്ന വിദഗ്ദ്ധന്മാർ വളരെ വിരളമാണ്. ആകെക്കൂടി നോക്കുമ്പോൾ പുകവലി പലതുകൊണ്ടും ദോഷം മാത്രമാണ്.

"സ്നേഹിക്കയുണ്ണി നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ വെന്നിടാ
സ്നേഹം വെന്നിടുമോർക്ക നീ"

—കുമാരനാശാൻ.

# ഒരു പൂവിന്റെ കഥ

ടി. സി. കുഞ്ഞൻ I ബി.എ.

നലമെഴും കിഴക്കിന്റെ
മലർക്കാവിൽ സുന്ദരിയാം
പുലർകാലമങ്കവന്നു
പതിവുപോലെ.
ലളിതലതികകളെല്ലാം
പൂവുകളണിഞ്ഞുവല്ലോ
കിളികൾ പാടിപ്പറന്നു
ദിക്കുകൾതോറും.
മൃദുലമനോഹരമാം
കരതലത്താൽ പുലരി
സദയമെടുത്തുനിന്നെ
പുണർന്നിടുമ്പോൾ;
മധുരമന്ദസ്മിതത്താൽ
പുളകിതയായിനില്ലും
മഹിതസൗഭാഗ്യത്തിന്റെ
മണിത്തിടമ്പേ!
ദിനങ്ങളതിവേഗത്തിൽ
കടന്നുപോയ് വസന്തത്തിൻ
കമനീയചിലമ്പൊലി
മുഴങ്ങി നീളെ.
അനവദ്യകാന്തിതന്നിൽ
വിളങ്ങീടുംപൂവേ നീയും
അഴകൊളി വീശിനിന്നു
മതിമോഹനം!
വസന്തരാവിലന്നത്ത
താരകളും നിന്നഴകിൽ
അതിശയമാർന്നുനിന്നു
ഗഗനംതന്നിൽ.
സൗരഭമിയന്നീടുന്ന
നിന്നംഗരേണുക്കൾപോലും
പരിശുദ്ധവിചാരത്തിൽ
പടർത്തതല്ലീ?
കിനാവുകൾനെയ്തെടുത്ത
വർണ്ണഭംഗിയെഴും ചിത്രം
കവിപൂരിക്കാണിക്ക
മെന്നറിഞ്ഞതില്ല!

ഹൃദയംകവരുന്നോരാ
വികാരമതിന്റെ ചൂരം
ഉതിച്ചുപോകുവാൻവേണ്ടി
കാത്തുനിന്നഹോ!
മധുരസംഗീതപൂരം
മധുമാസരാവിലന്നാൾ
മണിവീണമീട്ടി വന്നു
മന്ദമാരുതൻ.
അരികത്തണഞ്ഞപ്പോൾ നീ
ചിരിച്ചതില്ലമറ്റൊന്നും
തെരുതെരെയെന്നകന്നതിൽ
മുഴകിവീണു.
പുളകത്തിൻ ചുരുൾനീർത്തി
നിന്മടിയിൽശയിക്കവേ
കുളിരലവിരിഞ്ഞുനി-
ന്നിതളുകളിൽ.
പരിശുദ്ധ ജീവിതത്തി-
ന്നവികലശാന്തിയുടെ
ലക്ഷണങ്ങൾമറയുമെ-
ന്നോർത്തതില്ല നീ!
ക്ഷണികസുഖത്തിനായല്ലോ-
ണേകിയല്ലോപവിത്രമാം
ഗുണങ്ങളണിഞ്ഞിടേണ്ടും
ഭാവിജീവിതം,
തകർന്നാകിലക്കുന്ന
വിളറിയ നിഴൽപോലെ
അകതാരിൽ വിങ്ങലിപ്പു
ബീജവുമായി.
മണിവീണമീട്ടിവരും
കുളിർതെന്നലണഞ്ഞില്ല;
മണമില്ലാത്തശുദ്ധമാം
ജഡമാണുനീ!
പറയുവാനുണ്ടെങ്കിലും,
മൂകമാകുന്നെന്റെചിത്തം
കഥപറയുമന്നൊരാ-
യിതളിൽനോക്കേ!

# പെരിയാറൊഴുകുന്ന നാട്ടിൽ

*ജോയി ചെറിയാൻ പെരുമാനൂർ II ബി.എസ്സ്‌സി.*

**സ്ഥലം**—പെരിയാറിന്റെ തീരത്തുള്ള ഒരു ഗ്രാമം.

കഥാപാത്രങ്ങൾ

1. മാമൂൽപ്രിയനായ ഒരു വൃദ്ധ നമ്പൂതിരിപ്പാട്.
2. ഉണ്ണിമേനോൻ—നമ്പൂതിരിപ്പാടിന്റെ മകൻ.
3. കണ്ടൻകോരൻ—ഒരു പുലയൻ.
4. തേവൻ—കണ്ടൻകോരന്റെ പുത്രൻ.

രംഗം 1

[സാധനങ്ങൾ വലിച്ചുമാറ്റുന്ന ശബ്ദം. അതോടൊപ്പം ആരോ വടിയും കുത്തിപ്പിടിച്ച് വരുന്ന ശബ്ദം വ്യക്തമാകുന്നു. തുടർന്ന് ഒരു വൃദ്ധന്റെ ശകാരസ്വരം ഉയരുന്നു.]

**വൃദ്ധൻ**:—"ഓ ം! എന്താ ഇവിടെ ഇത്ര ബഹളം. എന്താ ഉണ്ണി, ഇല്ലം പൊളിക്കാനാണോ നിന്റെയൊക്കെ പുറപ്പാട്? എന്താ ഞങ്ങട് പറഞ്ഞോളൂ"

**ഉണ്ണി**:—അച്ഛാ! ഉടനെതന്നെ നമ്മുടെ വസ്തുവകകളെല്ലാം ഇവിടെനിന്ന് മാറ്റണം. പെരിയാർ കവിഞ്ഞാൽ ഇങ്ങോട്ടും വെള്ളപ്പൊക്കം ബാധിച്ചെന്ന് വരും.

**വൃദ്ധൻ**:—നീ എന്തുപറഞ്ഞു? എങ്ങാനും കുടിവെള്ളം ഒഴുകുന്നതിനും കെട്ടും കെട്ടി ഓടണമെന്നോ? അതിന് ബാണ്ഡം കെട്ടി പോകുകതന്നെ വേണോ? അതാ ഞാൻ ചോദിച്ചേ, ഇല്ലം പൊളിക്കാനാണോ നിന്റെയൊക്കെ പുറപ്പാടെന്ന്.

[ആരോ അകത്തുനിന്ന് എന്തോ മുറ്റത്ത് കൊണ്ടുവന്നിടുന്ന ശബ്ദം]

**വൃദ്ധൻ**:— എന്തടാ കണ്ടൻകോരാ. എല്ലാം അശുദ്ധമാക്കിയല്ലോ നിന്നോട് കട്ടില് പുറത്തിടാൻ ആരു പറഞ്ഞു? എടാ ഇന്നുവരെ മനയ്ക്കലെ കട്ടിലേലൊന്നും തൊടാൻ ഒരു പുലയനും ധൈര്യപ്പെട്ടിട്ടില്ലരോപ്പാ. അതും ഇന്ന് കാണേണ്ടിവന്നല്ലോ എന്റെ പെരുന്തിരുക്കോവിലപ്പാ! കാലം കലികാലം. (കാർക്കിച്ചു തുപ്പുന്നു)

**കണ്ടൻകോരൻ**:—കൊച്ചമ്പ്രാൻ പറഞ്ഞിട്ടാണേ. ഇതെല്ലാം മോളിലെ അടിയന്റെ മാടത്തിലേയ്ക്കു കൊണ്ടുപോവ്വാനാവച്ചത്.

**വൃദ്ധൻ**:—അമ്പടാ! ഇവനെല്ലാംകൂടി മുടിപ്പിക്കമല്ലോ എന്റെ തൃവായൂരപ്പാ! കൃഷ്ണകൃഷ്ണ! കാലം കലികാലംതന്നെ. അല്ലാ! അവൻ കസേരയും കൂടികൊണ്ടു വരുവാണല്ലോ പുറത്തേയ്ക്ക്.

(ഉച്ചത്തിൽ) നിനക്കൊക്കെ ബ്രാന്തു പിടിച്ചുവോടാ.

**ഉണ്ണി**:—എന്താ അച്ഛാ, ഇത്രയും ബഹളത്തിന് എന്താണ് ഇവിടെ ഉണ്ടായത്. അച്ഛനിന്നത്തെ പത്രം കണ്ടില്ലേ? മഴയിങ്ങനെ ഒരുദിവസംകൂടി തുടർന്നാൽ പെരിയാറണ തുറന്ന് വിടേണ്ടിവരുമെന്ന്.

**വൃദ്ധൻ**:—അതിന് ഈ വസ്തുക്കളൊക്കെ ഇവിടുന്ന് മാറ്റണമെന്നോ എന്നാൽ ഈ വീടുംപൊളിച്ചുകൊണ്ടു പൊയ്ക്കോടാ. പത്രത്തിൽ അങ്ങനെ പലതും വരും. അതൊന്നുംശരിയാണെന്നും കരുതിയിരിക്കണ്ട. എടാ മോനേ, നീ ഞാൻ പറേണ കേൾക്ക്.

**ഉണ്ണി**:—അതല്ലച്ഛാ! പെരിയാറിനോടു തൊട്ടുകിടക്കുന്ന താഴ്ന്ന പ്രദേശങ്ങളിലുള്ളവരെല്ലാം കഴിയുന്നതും വേഗം സ്ഥലം വിടണമെന്ന് താലൂക്ക് ഓഫീസിൽനിന്ന് അറിയിച്ചിരിക്കുന്നു.

**കണ്ടൻകോരൻ**:—ശരിയാ തമ്പ്രാ. വെള്ളം കേറിയാല് എല്ലാം കുത്തിപ്പറിച്ചോണ്ട് പോകും.

**വൃദ്ധൻ**:—ച്ഛീ! നിർത്തടാ നീയൊന്നും എന്നെ പഠിപ്പിക്കാറായില്ലടാ അസത്തേ. എടാ ഉണ്ണി, ഞാനൊന്നങ്ങ് പറഞ്ഞേക്കാം. നിങ്ങൾ എങ്ങ് മാനത്തേയ്ക്ക് വേണോങ്കിലും പൊയ്ക്കോളൂ. പക്ഷേങ്കിൽ ഞാനും എന്റെ വസ്തുവകകളും ഇവിടെനിന്ന് അനങ്ങാൻ നിശ്ചയിച്ചിട്ടില്ല. എന്താ മനസ്സിലായോ.

[ദൂരെനിന്ന് ഒരു വാനിന്റെ ഹോൺ ശബ്ദം കേൾക്കുന്നു. തുടർന്ന് എന്തോ വിളിച്ചുപറയുന്ന ശബ്ദവും. ആ ശബ്ദങ്ങൾ ക്രമേണ വ്യക്തമാകുന്നു]

പെരിയാറണയിൽ വെള്ളം പെരുകുന്നതിനാൽ അടുത്ത അരമണിക്കൂറിനുള്ളിൽ അണക്കെട്ടു തുറന്നു വിടുന്നതാണ്. താഴ്ന്ന പ്രദേശങ്ങളിലുള്ളവർ ഭയവായി മറ്റ് ഉയർന്ന സ്ഥലങ്ങളി

ലേക്ക്" പോകണമെന്ന ആർ. ഡി. ഒ. അറിയിക്കുന്നു. (ആ ശബ്ദം ക്രമേണ അവ്യക്തമാകുന്നു.)

ഉണ്ണി:—അച്ഛാ! അതു കേട്ടില്ലേ, ഉടനെ വേണ്ടതു ചെയ്തില്ലെങ്കിൽ കാര്യം കഷ്ടമാകും. അച്ഛൻ കണ്ടൻകോരന്റെ കുന്നിലെ മാടത്തിലേക്ക്" പൊയ്ക്കോ. ഞാനിവിടെ വേണ്ടതു" ചെയ്തുകൊള്ളാം.

വൃദ്ധൻ:—ഹും! (നീട്ടിമൂളുന്നു) എടാ! നീ തന്നെയാണോ ഇതുപറയുന്നത്". എന്റെ മകൻ ഉണ്ണി തന്നെയാണോടാ ഇതുപറയുന്നത്".

ഹും ...എ..ന്റെ..മകൻ, കല്ലിശ്ശേരി മനയ്ക്കലെ കാരണവർ ഒരു പുലയന്റെ വീട്ടിൽ അഭയം തേടണമെന്നോ. ച്ഛീ! ച്ഛീ! എടാ! ആന മെലിഞ്ഞാലും തൊഴുത്തിൽകെട്ടുമോടാ. ഈ വയസ്സുകാലത്ത്" കുടുംബത്തിന്" ഒരു പേരുദോഷം വരുത്തിവച്ചിട്ട് ചാകാൻ ഞാനേതായാലും ഇല്ല. കാലം കലികാലംതന്നെ! സംശയമില്ല. ഹെന്റെ കൊടുങ്ങല്ലൂർ ഭഗവതി!

[പുറത്ത്" ചാറി പെയ്തുകൊണ്ടിരുന്ന മഴ ക്രമേണ വർദ്ധിക്കുന്നു. അതോടൊപ്പംതന്നെ കാറ്റും]

രംഗം 2

[ശക്തിയായ കാറ്റും മഴയും നിശബ്ദതയെ ഭേദിക്കുന്നു.]

കണ്ടൻകോരൻ:— ന്റെ കാവിലമ്മേ! അടുനമുണ്ടോ ഒരു മലവെള്ളപ്പാച്ചില്" (ഉറക്കെ) കൊച്ചുതേവാ....

തേവൻ:—എന്താച്ഛാ

കണ്ടൻകോരൻ:—ഹെടാ മോനേ, വല്യമ്പ്രാനിങ്ങോട്ട് പോരുമോടാ. ഹയ്! എന്തുപറയാനാ, വയസ്സ്"കാലത്ത്" തച്ചതിരിവ്". കൊച്ചമ്പ്രാൻ ഇല്ലത്തേയ്ക്കാണോടാ പോയത്"?

തേവൻ:— മുങ്ങിച്ചത്താലും പുലയന്റെ മാടത്തിലേയ്ക്ക്" ഇല്ലെന്ന്" കൊച്ചമ്പ്രാനോട് വല്യമ്പ്രാൻ പറഞ്ഞച്ഛാ ഇച്ചിരിമുമ്പേ.

കണ്ടൻകോരൻ:—ഹാവൂ! എടാ, വെള്ളം കേറി കേറി ഇല്ലത്തിന്റെ തിണ്ണയും കവിഞ്ഞല്ലോടാ!, കൊച്ചമ്പ്രാനും വല്യമ്പ്രാനും വരുന്നുണ്ടോടാ. എന്തായാലും വയസ്സുകാലത്ത്" മലവെള്ളം കുടിച്ചുചാകാൻ തോന്നിക്കാത്തത്" കാവിലമ്മയുടെ ഗുണംകൊണ്ടാ.

[അല്പംകഴിഞ്ഞ്" ഓലക്കടയിൽ വെള്ളം വീഴുന്ന ശബ്ദം അടുത്തടുത്ത്" വരുന്നു. കിതച്ച് കിതച്ച്" വൃദ്ധനും മകനുംകൂടി മാടത്തിന്റെ തിണ്ണയിലേയ്ക്കു കയറുന്ന ശബ്ദം.]

വൃദ്ധൻ:—ഹാവൂ! എന്റെ ഗുരുവായൂരപ്പാ!

കണ്ടകോരൻ:—വല്യമ്പ്രാൻ ഈ തടുക്ക്"പായേലൊട്ട് ഇരിന്നാട്ടെ. അടിയനിപ്പം തീച്ചൂട്ടി കൊണ്ടരാം.

ഉണ്ണി:—എന്റെ ഭഗവാനേ (നെടുവീർപ്പിടുന്നു.) അച്ഛൻ ഈ പതിനൊന്നാം മണിക്കൂറിലെങ്കിലും മനസ്സ്" മാററിയിരുന്നില്ലെങ്കിൽ നാളത്തെ പത്രത്തില്" മരിച്ചവരുടെ എണ്ണം കൂടമായിരുന്നു.

തേവൻ:—അയ്യോ! അതാ! വെള്ളം പാഞ്ഞ് നാലുകെട്ട് ഇടിഞ്ഞുവീണു.

വൃദ്ധൻ:—ഞാനെന്റെ ഈ ആയുസ്സിൽ ഇങ്ങനെ ഒരു വെള്ളപ്പൊക്കം കണ്ടിട്ടില്ല. ഈശ്വരാ, കാലം അല്ലെങ്കിലും കലികാലമല്ലേ.

കണ്ടൻകോരൻ:—ഇന്നാമ്പ്രാ തീച്ചൂട്ടി. കയ്യും കാലും ചൂടാക്കിയാട്ടെ.

വൃദ്ധൻ:—കണ്ടൻകോരാ മനുഷ്യന്", പഠിപ്പിക്കാനും പഠിക്കാനും പററാത്ത പാഠം വെള്ളപ്പൊക്കം എന്നെ പഠിപ്പിച്ചെടാ. ഇനിമുതൽ നാമെല്ലാം ഒന്നാണ്".

ഉണ്ണി:—അച്ഛൻ പറഞ്ഞതാ ശരി, ബുദ്ധന്റെയും ഗാന്ധിജിയുടേയും നാട്ടിൽ അയിത്തവും മാമൂലും കാക്കുന്നവരെ മനുഷ്യരാക്കാൻ ഈശ്വരൻ സൃഷ്ടിച്ചതായിരിക്കാം ഈ പെരിയാറും വെള്ളപ്പൊക്കവും.

[കോരിച്ചൊരിഞ്ഞുകൊണ്ടിരുന്ന മഴ ക്രമേണ ശാന്തമാകുന്നു.]

---

താഴുക, താഴുക തങ്കക്കതിരവ
പാഴിലീലോകം തലോടിടേണ്ട
നിസ്വാർത്ഥ സ്നേഹമില്ലിങ്ങൊരിടത്തിലും
നിസ്തുലതേജസ്സേ നിഷ്ക്രമിക്കൂ
മർത്ത്യനെ മർത്ത്യൻ ചവിട്ടിമെതിക്കുന്ന
സത്യപ്രകാശമേ കണ്ണടയ്ക്കൂ.

—ചങ്ങമ്പുഴ.



SOCIAL SERVICE LEAGUE



INTRAMURAL CHAMPIONS — YELLOW HOUSE



N. C. C. RIFLES



# എൻ. സി. സി.

എം. ഒ. പൗലോസ് I ബി. എസ്സ്സി.

എല്ലാ രാഷ്ട്രങ്ങളും സ്വന്തം നിലനില്പിനെ ലാക്കാക്കി പട്ടാളത്തെ സംഘടിപ്പിച്ചു പരിശീലിപ്പിച്ചു വരുന്നു. ഇന്നു പല രാജ്യങ്ങളും ആകെ ദേശീയ വരുമാനത്തിന്റെ ഒരു ഭീമഭാഗംതന്നെ ഇതിനുവേണ്ടി ചിലവഴിച്ചുവരികയാണ്. രാജ്യാതിർത്തി സംരക്ഷിക്കുന്നതിനും, വൻതോതിലുള്ള ആഭ്യന്തരകലഹങ്ങളും കലാപങ്ങളും അമർച്ച ചെയ്യുന്നതിനും പട്ടാളത്തിന്റെ സഹായം സ്റ്റേറ്റിന് ആവശ്യമാണല്ലോ. അടിയന്തിര സന്ദർഭങ്ങളിൽ പട്ടാള സേവനം നിർവ്വഹിക്കാൻ എല്ലാ യുവാക്കളും തയ്യാറായിരിക്കേണ്ടതനിവാര്യമാണ്. അതിനവരെ പ്രാപ്തരാക്കുന്നതിനു ഗവണ്മെന്റു സംഘടിപ്പിച്ചിട്ടുള്ള പട്ടാളപരിശീലനസംഘമാണ് എൻ. സി. സി.

ഇൻഡ്യൻ പാർലിമെന്റിൽ ആയിരത്തിത്തൊള്ളായിരത്തി നാല്പത്തിയെട്ടിൽ പാസ്സായ എൻ. സി. സി. ആക്റ്റ് ഇൻഡ്യയിൽ എൻ. സി. സി. യുടെ പ്രാരംഭം കുറിച്ചു. തുടർന്നുള്ള അതിന്റെ പ്രവർത്തനം ആശാവഹമായി പുരോഗമിച്ചിട്ടുണ്ട്.

നാഷണൽ കാഡറ്റ് കോർ (National Cadet Corps) രാജ്യരക്ഷയെ മാത്രം മുൻനിറുത്തി സംഘടിപ്പിക്കുന്ന ഒരു പട്ടാളപരിശീലന സംഘമല്ല; അതിന്റെ ഉദ്ദേശ്യങ്ങൾ ബഹുമുഖങ്ങളാണ്. മുഖ്യോദ്ദേശ്യം രാജ്യരക്ഷയ്ക്കുള്ള വാസന യുവജനങ്ങളിൽ വർദ്ധിച്ച തോതിൽ ഉളവാക്കണമെന്നുള്ളതുതന്നെ. എന്നാൽ അതു യുവാക്കളുടെ സ്വഭാവസംസ്കരണത്തിനും അച്ചടക്കപരിശീലനത്തിനുംകൂടി പ്രാധാന്യം കല്പിക്കുന്നുണ്ട്. എൻ. സി. സി. യുടെ മുദ്രാവാക്യംതന്നെ ഐക്യവും അച്ചടക്കവും (Unity and discipline) ആണ്. സർവ്വോപരി നേതൃത്വവഹനത്തിന് അതു യുവതലമുറയെ പ്രാപ്തരാക്കുന്നു.

ഭാരതത്തിലെ കോളേജുകളിലും സ്കൂളുകളിലും എൻ. സി. സി. ഒരു സജീവ ഘടകമായി പരിണമിച്ചിട്ടുണ്ട്. യുവജനങ്ങളെ പ്രസ്തുത സംഘത്തിലേക്കാകർഷിക്കാൻ ഭരണകൂടം കഴിവതും ശ്രമിക്കുന്നു; എന്നു മാത്രമല്ല പ്രസ്തുത സംഘടനയുടെ നടത്തിപ്പിനു ലോഭമെന്യേ പണം ചിലവഴിക്കാനും അവർ മടിക്കുന്നില്ല. ആണ്ടുതോറും അധികാരികൾ ശ്രദ്ധാപൂർവ്വം എൻ. സി. സി. യുടെ പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നുമുണ്ട്.

എൻ. സി. സി. യെപ്പറ്റി പരാമർശിക്കുമ്പോൾ എൻ. സി. സി. ക്യാമ്പിനെക്കുറിച്ചു രണ്ടു വാക്കു പറയാതിരുന്നാൽ അതൊരു കുറവായിരിക്കുമെന്ന് ഈ ലേഖകൻ കരുതുന്നു. എൻ. സി. സി. ക്യാമ്പിലെ ജീവിതം അത്യന്തം ഉല്ലാസപ്രദവും ഉപകാരപ്രദവുമാണ്. ഭിന്നജാതിക്കാരും, ഭിന്നരുചിക്കാരും, വിവിധ ആചാരക്രമങ്ങളെ പാലിക്കുന്നവരുമായ കാഡറ്റുകൾ വളരെ സ്നേഹത്തോടും, സഹിഷ്ണുതാബോധത്തോടും, പരസ്പര ബഹുമാനത്തോടുംകൂടി ആനന്ദഭരിതരായി സഹവസിക്കുന്നു. ക്യാമ്പുകളിൽ പട്ടാളപരിശീലനത്തോടൊപ്പം കാഡറ്റുകളുടെ കലാവാസനകളെ പരിപോഷിപ്പിക്കാൻ വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുക പതിവാണ്. കൂടാതെ ഗെയിംസിലും സ്പോർട്ട്സിലും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, ക്യാമ്പു ജീവിതം ഒരു കാഡറ്റിന്റെ സാഹോദര്യബോധത്തെ വർദ്ധിപ്പിക്കുകയും അവന്റെ ആരോഗ്യത്തെയും കലാവാസനകളേയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

സ്വരാജ്യത്തോട് ആത്മാർത്ഥമായ കൂറു പുലർത്തുന്നവരും ശരീരാരോഗ്യത്തെ സർവ്വോപരി വിലമതിക്കുന്നവരുമായ എല്ലാ വിദ്യാർത്ഥികളും എൻ. സി. സി. യിൽ അംഗങ്ങളായിരിക്കാൻ ശ്രമിക്കേണ്ടതാണ്. യുവതലമുറയിൽ—പ്രത്യേകിച്ചു വിദ്യാർത്ഥിലോകത്തിൽ—ഇന്നു കണ്ടുവരുന്ന അച്ചടക്കരാഹിത്യത്തെ ഇല്ലായ്മ ചെയ്യാനുതകിയ ഒരു സിദ്ധൌഷധംതന്നെയാണ് എൻ. സി. സി. അച്ചടക്കവും ആത്മനിയന്ത്രണവുമില്ലാതെ ജീവിതവിജയം കൈവരിക്കാൻ സാധ്യമല്ലെന്നു ശരിയാംവണ്ണം ഗ്രഹിച്ച്, പ്രസ്തുത ഗുണങ്ങളും

കവിത

# ഓർമ്മയുടെ സാനുക്കളിൽ

ജി. വി. ശശി പി.യു.സി

ഓർമ്മയിൽ നിൽക്കും നിന്റെ-
യംഗുലീസ്പർശമൂല-
മന്തരംഗത്തിൽ വീണാ
തന്ത്രികൾ സ്പന്ദിക്കുമ്പോൾ,
അന്തിമിന്നൊളികളാം
താരവീഥികൾ തിങ്ങി-
യെന്മനമൊരുനാദ-
ബ്രഹ്മമായ് മാറീടുമ്പോൾ.
ഓമലേ, യസഹ്യമാ-
മൊരു വേദനയാലെ-
ന്നുള്ളു മിന്നലക്കണം
പൊള്ളുമെന്നിരുന്നാലും
ഓമനിക്കുമെ ഞാനാ
സൗഭാഗ്യത്തെപ്പുത്തൻ
ബന്ധുരവസന്തത്തി-
ന്നോർമ്മകൾപോലെതാഴ്...!
അന്നമർപ്പിച്ചൊരന്ന-
ചക്രവാളത്തിൽ രാഗ-
സിന്ദൂരച്ചിമിഴമായ്
സന്ധ്യവന്നെത്തുംനേരം
ആഴി വീചികൾ ശാന്ത-
നർത്തനം തുടർന്നതി-
മാദകനാദമെന്ന-
വീഴ്ച്ചപോലെയോ,
സന്ധിച്ചു നമ്മൾ; ശംഖ-
നാദമത്യുച്ചരാഗ-
സിന്ധുവിന്നലമാല-
മേൽക്കുമേലുണരവേ...!
ശ്രീകാന്തികൾ പെയ്യു-
മക്കൊച്ചുകോവിൽ മന്ത്ര-
മന്ത്രിന്നൊരു മൂക-
ദൃക്സാക്ഷിയായി, അകം...
രാഗപരവശത-
യോമനിക്കുമെന്നുള്ളിൽ
നീയൊരുകളമൊഴി-
മുല്ലയായ് വിരിഞ്ഞെന്നി
കണ്ണാലെക്കെക്കുളിർത്തീര-
ത്തുടിനെ കൈക്കൊണ്ടുമറ-
നാണമ്പുൽകിയക്കാറ്റ്-
മോലപിന്നെയും പാണ

---

പ്രദാനം ചെയ്യുന്ന എൻ. സി. സി. യിൽ അംഗമായിരിക്കാൻ ശ്രമിക്കേണ്ടതു വിദ്യാർത്ഥികളുടെ ഗൗരവാവഹമായ ഒരു കടമയാണ്".

ഇപ്പോൾ കേരളത്തിൽ എൻ. സി. സി. യുടെ ഇൻഫന്ററി യൂണിറ്റാണ് വൈപുല്യത്തിലും പ്രവർത്തനത്തിലും മികച്ചുനില്ക്കുന്നതു്. പ്രസ്തുത യൂണിററ് കേരളത്തിൽ നാലു ബററാലിയനുകളായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഒന്നാം കേരളാ ബററാലിയന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളും, രണ്ടാം ബററാലിയന്റെ കീഴിൽ കോട്ടയം, ആലപ്പുഴ ജില്ലകളും, മൂന്നാം ബററാലിയന്റെ കീഴിൽ തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളും, നാലാം ബററാലിയന്റെ കീഴിൽ പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളുമായാണ് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതു്.

"വിദ്യാലയത്തിലും സ്വന്തം ഭവനത്തിലും പൊതുജനങ്ങളുടെ ഇടയിലും മെച്ചപ്പെട്ട പൗരന്മാരായി ജീവിതം നയിക്കാൻ യുവജനങ്ങളെ പ്രാപ്തരാക്കുകയെന്നതാണ് എൻ. സി. സി. കൊണ്ടു മുഖ്യമായുദ്ദേശിച്ചിട്ടുള്ളതു്" എന്ന വി. കെ. കൃഷ്ണമേനോന്റെ പ്രഖ്യാപനം യുവതലമുറയുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്. എൻ. സി. സി. യിൽ അംഗമായിരിക്കുകയെന്നുള്ളതു് ഒരു സുലഭസൗഭാഗ്യമാണെന്നുള്ള വസ്തുത നാം വിസ്മരിക്കരുതു്. പ്രസ്തുത അവസരത്തെ ശരിയാംവണ്ണം ഉപയോഗപ്പെടുത്തി സൈനികപരിശീലനത്തിൽ ശ്രദ്ധ ചെലുത്തേണ്ടതു നമ്മുടെ കടമയാണ്".

വെള്ളിലാവൊഴുകമാ
രാവുകൾ തോറും വെള്ളി–
യാമ്പലിൻ തോണിയുഴ–
ഞ്ഞെത്തി യാമിനി വീണ്ടും;
വർഷങ്ങളൊന്നോരണ്ടോ
കൊഴിഞ്ഞു, നമ്മിൽ പ്രാണ–
ഹർഷങ്ങൾമാത്രം പൂവി–
ട്ടുലഞ്ഞങ്ങനെ നിന്നു....!
കൊഴിഞ്ഞുവാടും രമ്യ–
സ്വപ്നങ്ങളൊക്കെക്കൂടി–
യെൻകരൾത്തുടിപ്പിന്റെ
നാദവീചികളായി;
ഉന്നമിച്ചുൻക്ഷണ–
മെന്നിൽനിന്നൊരു ശോക–
നാദമാധുര്യം പൂണ്ട–
ശീതശീകരവാതം...!
നീയെത്രമാത്രം നിന്നി–
ലോമനിച്ചു ഞാനന്നു
നിന്നിലേയ്ക്കൊഴുക്കിയ–
രാഗമാധുരി; പക്ഷെ,
നീണ്ടുനിന്നീലാ നിന്റെ
നിസ്തുലാർച്ചന, ദേവി,
കണ്ടു ഞാൻ നിന്റെ കതിർ–
മണ്ഡപം, മനോഹരം...!
ബാഷ്പബിന്ദുവാൽ ത്തരാ–
ശംസതൻ നിഷ്പന്ദമാം
പുഷ്പമാല്യങ്ങൾ ചാർത്തി
ഞാൻവിടകൊണ്ടു; പക്ഷെ,
എൻകരൾകൊതിച്ചൊരു
നീർത്തുള്ളിപോലും നിന്റെ
നീണ്ടകൺകളിൽനിന്നു–
മുതിരാതിരിക്കുവാൻ.
...വർഷങ്ങളൊന്നോ രണ്ടോ–
കൊഴിഞ്ഞു, നമ്മിൽ പ്രാണ–
വേദനമാത്രം പൂവി–
ട്ടുലഞ്ഞങ്ങനെ നിൽപ്പൂ....!
ഓർമ്മയിൽ നിൽക്കും നിന്റെ–
യംഗുലീസ്പർശമൂല–
മന്തരംഗത്തിൽ വീണാ–
തന്ത്രികൾ സ്പന്ദിക്കുമ്പോൾ,
അതിൽനിന്നൊഴുകുമാ
രാഗവീചികൾ തിങ്ങി–
യെന്മനമൊരു നാദ–
ബ്രഹ്മമായ് മാറീടുമ്പോൾ,
ഓമലേ, യസഹ്യമാ–
മൊരുവേദനയാലെ–
നല്ലമിന്നൽക്ഷണം
പൊള്ളുമെന്നിരുന്നാലും,
ഓമനിക്കട്ടെ ഞാനാ–
നഷ്ടഭാഗ്യത്തെ;പ്പുത്തൻ
ബന്ധുരവസന്തത്തി–
ന്നോർമ്മകൾപോലെതോഴീ..!

---

"നരിക്കിലുയരാം നടുകിൽത്തിന്നാം
നൽകുകിൽ നേടിടാം
നമുക്കു നാമേ പണിവതു നാകം
നരകവുമതുപോലെ"
—ഉള്ളൂർ.

"മർത്ത്യനെത്താഴോട്ടു തള്ളുന്നതായാൾ താൻ
മററാരുമല്ല കരേററുന്നതും"
—വള്ളത്തോൾ.

എന്തിനന്യവിപത്തുകളപ്പാ തേടുന്നു കഷ്ടം
സ്വന്തവാളാൽ സ്വയംവെട്ടി നശിപ്പൂ മർത്ത്യൻ.
—ആശാൻ.

താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താനനുഭവിച്ചീടുകെന്നേ വരൂ.
—എഴുത്തച്ഛൻ.

# ജന്തുക്കളുടെ പറുദീസയിൽ

*എൻ. സി. ചാക്കോ III ബി. എസ്സ്സി.*

അത്യാവശ്യം ഭാരമില്ലാത്ത ഓരോ പെട്ടികൾ എല്ലാവർക്കുമുണ്ട്. ഉപ്പുതൊട്ട് കർപ്പൂരം വരെ ആ കൊച്ചുപെട്ടിയിൽ ഒതുക്കിച്ചേർത്തിട്ടുണ്ട്. എല്ലാവരേയും ഹൃദയങ്ങളുടെ ഉള്ളറകളിൽ ജന്തുലോകത്തിന്റെ പറുദീസാ കാണുവാനുള്ള തിടുക്കം മുറ്റി നിറഞ്ഞിരുന്നതുകൊണ്ട് എന്തോ ഒരു സംതൃപ്തി. തിരുവോണം മലയാളമണ്ണിൽ പൂവിട്ട് പുഞ്ചിരിച്ചുകൊണ്ട് ഒരു തരുണീമണിയെപോലെ കണ്ണഞ്ചിക്കുന്നതി വരുന്നതു അധികം അകലെയല്ലാതെ ഞങ്ങൾക്കു കാണാം. എന്നാൽ തിരുമലദേവന്റെ നാട്ടിൽകൂടി മലയാളികളായ ഞങ്ങൾ, ഒരു പറ്റം വിദ്യാർത്ഥികൾ, കടന്നുപോയപ്പോൾ മധുരസ്മരണകൾക്ക് എങ്ങോ നിന്ന് ഒരു കടിഞ്ഞാൺ വീണു. ആയിരത്തിതൊള്ളായിരത്തി അറുപത്തിഒന്നാമാണ്ട് ആഗസ്റ്റ് ഇരുപത്തിമൂന്നാം തീയതി ഒരു ബുധനാഴ്ചയായിരുന്നു. തിരുഹൃദയകലാലയത്തിലെ ജീവശാസ്ത്ര വിദ്യാർത്ഥികളായ ഞങ്ങൾ അന്ന് ജന്തുക്കളുടെ പറുദീസായിലേക്കുള്ള പുണ്യയാത്ര ആരംഭിക്കുകയായി.

"ഒന്നു വേഗമാവട്ടെ"! "ശരിയല്ലേ ഉടുത്തൊരുങ്ങിയതു"." "സമയത്തിനെത്തണം." ഇതാ വന്നു കഴിഞ്ഞു." "താമസിച്ചു." "എവിടെ എല്ലാവരും." ഇങ്ങിനെയുള്ള ശബ്ദകോലാഹലങ്ങളോടു കൂടിയായിരുന്നു യാത്ര പുറപ്പെടൽ. മൂന്നരപ്പതിനുള്ള എക്സ്പ്രസ്സ് തീവണ്ടിയിൽ ഞങ്ങൾ, അദ്ധ്യാപകരും അറ്റൻഡന്മാരും അടക്കം ഏകദേശം 35 പേർ ക്രൂസഡിദ്വീപിലേക്ക് യാത്ര തിരിച്ചു. പുക തുപ്പിക്കൊണ്ട് ഭൂതംപോലെ നീങ്ങുന്ന തീവണ്ടിയുടെ ചൂളംവിളി, അങ്ങകലെ ചുണ്ണാമ്പുപാറകളുടെ വിള്ളലുകളിലും കല്ലുകളുടെ പോതുകളിലും നിന്നു പുറത്തിറങ്ങി വിശ്രമിച്ചുകൊണ്ടിരുന്ന ജന്തുക്കൾക്ക് മനോവ്യഥ ഉളവാക്കിക്കാണണം, അവ സുരക്ഷിതമാണോ എന്നു ആരായാൻ വെമ്പൽകൊണ്ടു, അരമണിക്കൂർ നീണ്ടുനിന്ന യാത്രയുടെ പ്രാഥമികഘട്ടം !!! ജീവിതത്തിന്റെ എല്ലാ ഭാരങ്ങളും മറന്നുള്ള അട്ടഹാസം! മാമലകളും നൃത്തംവെച്ചുകൊണ്ടൊഴുകുന്ന കൊച്ചുകൊച്ചു പൂഞ്ചോലകളും, ആർത്തിരമ്പി ഗർജ്ജിച്ചുകൊണ്ട് ഒഴുകുന്ന കാട്ടാറും എല്ലാം പിന്നിലാക്കിക്കൊണ്ടുള്ള ഞങ്ങളുടെ യാത്ര തിരക്കുപിടിച്ച ഒരു പട്ടണത്തിന്റെ ഹൃദയഭാഗത്തെത്തി. തികച്ചും വ്യത്യസ്തമായ ഭാഷ, ആളുകൾ, ഭക്ഷണം ആകെക്കൂടി ഒരു പുതുമ. "കോയമ്പത്തൂർ" എന്നാരോ വിളിച്ചുപറഞ്ഞപ്പോൾ എല്ലാവരും വെളിയിലേക്ക് തലയിട്ടു. ഉണക്കമീൻ കെട്ടുകെട്ടായി അടുക്കിവെച്ചിരിക്കുന്ന സ്ഥലത്തുകൂടി കടന്നുപോയപ്പോൾ എല്ലാവർക്കും ഒരസ്വസ്ഥത. പെട്ടികളും കെട്ടുകളുമായി ധനുഷ്കോടി എക്സ്പ്രസ്സിൽ ചാടിക്കയറി. ഞങ്ങൾക്കുവേണ്ടി റിസേർവ് ചെയ്തിരുന്ന കമ്പാർട്ടുമെന്റിൽ കയറിക്കൂടിയതുകൊണ്ട് വേണ്ടത്ര സ്ഥലം ലഭിച്ചു. 9. 30ന് ഞങ്ങളേയും വഹിച്ചുകൊണ്ടുള്ള തീവണ്ടിയുടെ പ്രയാണം ആരംഭിച്ചു.

ചിന്തയുടെ മണ്ഡലത്തിൽ ആയിരമായിരം പ്രതീക്ഷകൾ. പച്ചച്ച നെൽപ്പാടങ്ങളും ഉഴുതുമറിക്കുന്ന മലയാളമണ്ണിന്റെ ഗന്ധവും മാറി. ആകപ്പാടെ വരണ്ടു കീറിയ നിരപ്പൊത്ത തരിശുഭൂമികൾ, ഏറിവന്നാൽ കുറെ പനകൾമാത്രം ഞങ്ങളെനോക്കി കുശലം പറഞ്ഞുകൊണ്ടിരുന്നു. ഉറക്കം എല്ലാവരേയും ബാധിക്കുന്നതുവരെ തമാശകളും പാട്ടുമായി സമയം ചിലവഴിച്ചു. എങ്ങോ എത്തിച്ചേരാനുള്ള തീവണ്ടിയുടെ വെമ്പൽകൊണ്ട് തൊട്ടിലിൽ കിടക്കുന്ന ഒരനുഭൂതി തോന്നി. ഇടയ്ക്കിടെ ആളിറങ്ങുന്നതും കയറുന്നതും ഞങ്ങളെ ബാധിച്ചില്ല. ഓരോ സ്റ്റേഷനിലും വണ്ടി നില്ക്കുമ്പോൾ അവ്യക്തമായ ഭാഷയിൽ എന്തൊക്കെ വിളിച്ചുപറയുന്നതു ഞങ്ങൾക്ക് കേൾക്കാമായിരുന്നു. തമിഴുമായി ബന്ധം പുലർത്തേണ്ടിവന്ന സാഹചര്യങ്ങൾ ചിരിയടക്കാതെ ഓർക്കുവാൻ സാധിക്കുകയില്ല. പഴവർഗ്ഗങ്ങൾ വില്ക്കുന്ന കച്ചവടക്കാരുടെ തമിഴിലുള്ള സംഭാഷണം ഞങ്ങളെ വളരെയധികം ആകർഷിച്ചു. 'മധുര'—എന്നു വിളിച്ചുപറഞ്ഞപ്പോൾ പ്രസിദ്ധ

മായ ക്ഷേത്രമാണ് എന്റെ സ്മരണയിൽ തെളിഞ്ഞുവന്നതു്. മീനാക്ഷിക്ഷേത്രം അങ്ങകലെയായി കാണുവാൻ സാധിച്ചുവെങ്കിലും ഒന്നും വ്യക്തമായില്ല. അത്രമാത്രം അകൽച്ചയുണ്ടായിരുന്നു. ആ യാത്രയുടെ അന്ത്യം 'പാമ്പൻ' സ്റ്റേഷനിലെത്തിച്ചു. സമയം പതിനൊന്നരയോടടുത്തിട്ടുള്ളു വെങ്കിലും ചൂടിന്റെ ശക്തി വളരെ കൂടുതലായിരുന്നു. അവിടെനിന്നും മോട്ടോർബോട്ടിൽ വേണം ക്രൂസഡെയിൽ ദ്വീപിലേക്ക് പോകുവാൻ. "വിശക്കുന്നു"! "ദാഹമാണ് കൂടുതൽ"! ഓരോരുത്തരും മന്ത്രിച്ചു. ഉപ്പൊന്നു അരുചിയുള്ള വെള്ളം വായിലൊഴിച്ചപ്പോൾ എല്ലാവരുടെയും മുഖം ചുളുങ്ങി. എന്നാൽ തളർന്ന ശരീരത്തിനു ഉച്ചയ്ക്കുള്ള ഭക്ഷണം പ്രവർത്തനശക്തി നൽകി. എല്ലാവർക്കും എന്തോ ചെയ്തു തീർക്കാനുള്ള ഒരു വെമ്പൽ. മന്നാർ ഉൾക്കടലിലൂടെ അരമണിക്കൂറിലധികം യാത്ര ചെയ്താൽ ഞങ്ങളുടെ പറുദീസായിൽ എത്തിച്ചേരാം.

"ഇതാ കുറെ അസ്ഥിക്കഷണങ്ങളും ഒരു തലയോട്ടിയും"—ഒരാൾ ചൂണ്ടിക്കാട്ടി. ഞങ്ങളുടെ വിദഗ്ദ്ധരായ അദ്ധ്യാപകരുടെ സൂക്ഷ്മദൃഷ്ടികൾ അവയ്ക്കു് പേരു നല്കി. "ഡ്യൂഗോങ്ങിന്റെ അസ്ഥികളും, തലയോട്ടിയും." ഞങ്ങളുടെ അദ്ധ്യാപകരുടെ ചിരകാലാഭിലാഷം അവിടെവെച്ച് സാക്ഷാത്കരിക്കപ്പെട്ടു. "സംഭരണം തുടരേണ്ടില്ല. വന്നതിനു മുതലു കിട്ടിക്കഴിഞ്ഞു"—അറാൻഡർ തന്റെ അഭിപ്രായം രേഖപ്പെടുത്തി. പാമ്പനിൽ നിന്നും ബോട്ടിലും, തെളിഞ്ഞുകിടന്ന തീരപ്രദേശങ്ങളുംകൂടി നടന്നും രണ്ടു വിഭാഗമായി ഞങ്ങൾ ക്രൂസഡെയിലേക്ക് യാത്ര തിരിച്ചു. ഏകദേശം നാലുമണിയോടുകൂടി ക്രൂസഡെയിലെത്തിച്ചേർന്നു. ഞങ്ങൾ ക്യാമ്പു ചെയ്തിരുന്ന കെട്ടിടത്തിൽനിന്നും അധികം ദൂരെയല്ലാതെയാണ് കടൽ. ക്ഷീണിച്ചുതളർന്ന ശരീരത്തിനു മന്നാർ ഉൾക്കടലിനു മീതെകൂടി ഓടിയണഞ്ഞ കുളിർകാറ്റ് സുഖം നല്കി. അന്നു് ഞങ്ങളുടെ സംഭരണം അവിടെയടുത്തുള്ള ചുണ്ണാമ്പുപാറകളിലായിരുന്നു. ജന്തുക്കൾക്ക് ഒരു അസംതൃപ്തി. അവ ഓടിയൊളിക്കുകയാണ്. ഞങ്ങളുടെ തിരക്കും ഓട്ടവും കണ്ടിട്ടായിരിക്കാം തിരമാലകൾ അങ്ങുമാറിനിന്നു പൊട്ടിച്ചിരിക്കുന്നതു് എന്നു എനിക്കു തോന്നിപ്പോയി. പക്ഷികൾ ചേക്കേറിയപ്പോൾ സായാഹ്നസൂര്യൻ ഞങ്ങൾക്ക് തിരിച്ചുപോകാനുള്ള സമയമായി എന്നു സൂചിപ്പിച്ചു. തിരമാലകൾ തെല്ലു കലിയിറക്കി. പ്രതിഷേധത്തിന്റെ ശബ്ദം പുറപ്പെടുവിക്കാതെ ഞങ്ങൾ മടങ്ങിപ്പോന്നു. അന്നു കിട്ടിയ ജന്തുക്കൾ കുപ്പികളിലും, തൊട്ടികളിലും നിറച്ചു്. ഭക്ഷണത്തിനുശേഷം വീണ്ടും ഞങ്ങൾ സംഭരണോദ്യുക്തരായി എത്തി. ഞങ്ങളുടെ അദ്ധ്യാപകർ ജൈവശാസ്ത്രപരമായ സമഗ്രമായ ഒരറിവുതന്നെ തന്നു. അന്നു രാത്രി തന്നെ അവയോരോന്നും പ്രത്യേകം നിറയ്ക്കപ്പെട്ട സ്ഥാനങ്ങളിൽ നിറയ്ക്കുന്നു. നിലാവിന്റെ പ്രസാദം വളരെ കൂടുതലായതുകൊണ്ട് പ്രകൃതിയിലെ പക്ഷിജാലങ്ങളുടെ കൂടി സംഭാഷണം കേൾക്കാൻ വന്നില്ല. എന്നാലും എട്ടുമണിയോടുകൂടി ഒരു വിഭാഗം ജീവികൾ ദ്വീപിലേക്കും ഒരു വിഭാഗം പുള്ളിപ്പുള്ളി വാസസ്ഥലങ്ങളിലേക്കുമായി സംഭരണത്തിനു പുറപ്പെട്ടു. കഠിനമായ വെയിലിൽനിന്നും രക്ഷപ്പെടുന്നതിനായി തണലിൽ മാറിയ കെട്ടുകെട്ടി സഞ്ചികളും കുപ്പികളുമായി സംഭരണം നടത്തുന്ന ഞങ്ങൾക്ക് മാറോ ജന്തുവിനെയും പിടിച്ചു കുപ്പികളിലാക്കുമ്പോൾ അവർക്ക് കണ്ണുമിഴിച്ചു കൊളുംബസിനെക്കാൾ സന്തോഷമാണുളവാകുന്നതു്. കടലാകാശങ്ങളുമായി ഇണയൊക്കെ കണ്ടു തമ്പിച്ചു ഞങ്ങളുടെ സ്നേഹനിധികളായ ഗുരുനാഥന്മാർ കൂടെക്കൂടെ പലതിരി പ്രത്യക്ഷപ്പെടുന്നതു് കാണാമായിരുന്നു. ഞങ്ങളുടെ സംഭരണത്തിൽ "ഹോലോത്തൂറിയായും, ബാലനോഗ്ലോസസ്സും, അപ്ളീസിയായും, യൂറിനോയും, ഒക്കെറോണും, ഒക്ടോപ്പസ്സുമായും എന്നുവേണ്ട ജന്തുലോകത്തിൽപ്പെട്ട മിക്ക വ്യക്തികളും സ്ഥാനം പിടിച്ചിരുന്നു. അന്നുതന്നെ ഞങ്ങൾ പാമ്പനിൽ തിരിച്ചെത്തി. പാമ്പനിലുള്ള റസ്റ്റ്ഹൗസിലായിരുന്നു ഞങ്ങൾ താമസിച്ചിരുന്നതു്. ഏതാണ്ട് അരഫർലോങ്ങ് അകലെയായി രണ്ടരമൈൽ നീളമുള്ള "പാമ്പൻബ്രിഡ്ജ്" സ്ഥിതിചെയ്യുന്നു. അന്നരാത്രി നല്ല നിലാവുണ്ടായിരുന്നു. ശാന്തതയിൽ വെളുത്ത മേഘപടലങ്ങൾ തുടരെത്തുടരെ മുട്ടി ഉരുമ്മി വരുന്നതു് നിലാവിൽ കുളിച്ച പാമ്പനിൽ നിന്നുകൊണ്ട് വീക്ഷിച്ചപ്പോൾ ഒന്നെഴുതാൻ കവി അല്ലാത്തതിൽ കുണ്ഠിതപ്പെട്ടുപോയി.

ഇരുപത്തിയാറാം തീയതി ഞങ്ങൾ "മണ്ഡപം റിസർച്ച്" സ്റ്റേഷനിൽപോയി. ഒരു ഗോളകത്തിന്റെ മുകളിൽ ഒരു പൂന്തോപ്പ്. അതിനുള്ളിൽ കാണാൻ ഭംഗിയുള്ള നല്ല നല്ല കെട്ടിടങ്ങൾ. ആ കെട്ടിടത്തിനുള്ളിൽ ജന്തുക്കളുമായി ബന്ധം പുലർത്തുന്ന കുറെ ബുദ്ധിജീവികൾ, ഒരു നല്ല മ്യൂസിയം. അങ്ങനെ വസ്തുനിഷ്ഠമായ ഒരു കൊച്ചു കുന്ന്. ജന്തുശാസ്ത്രത്തിൽ വിലയേറിയ സംഭാവന നല്കാൻ വെമ്പൽ കൊള്ളുന്ന ഒ

# "അവനെ ക്രൂശിക്കുക"

തോമസ്സ്, കെ. എം. പി.യു.സി.

"അവനെ ക്രൂശിക്കുക;
അവനെ ക്രൂശിക്കുക."
അവിരാമമായൊരാ-
ക്രോശം ഉയർന്നിതാ.
ജെറുസലേം അങ്കണത്തിൽ,
പാപികളാം മർത്ത്യ-
ലോകം കണ്ടതാകെ-
യത്നങ്ങളെയാ,
അവർക്കന്നാചരിതത്ത
ശാശ്വതമാകുമാ-
നാശയോഗ്യമായ്ത്തള്ളാ-
നധികാരമില്ലത്രേ!
പാപത്തിൻ കറയേലാ-
ത്തെളിയാത്ത ചരിതമാ
പാപ പങ്കങ്ങളാ
പാപമാരോപിക്കുന്നു.
തന്നിലും നിരാശരാ-
നെന്തെന്നും ചെയ്യാമെന്ന
തന്ത്രത്തിലാശ്രയിക്കു-
മധികാരികളവർ,
പീലാത്തോസിനൊഴിയുവാൻ
പഴുതുകാണുന്നില്ല,
പലതും പണിനോക്കി;
ഫലിച്ചീലവയൊന്നും.
അതിനാലവനോതി:
"കുറ്റമില്ലാത്തൊരുവനെ ഞാൻ
ശിക്ഷിച്ചു വിട്ടയയ്ക്കാം,
സമ്മതിക്കുന്നോ, നിങ്ങൾ?"
"അവനെ ക്രൂശിക്കണം-
മവനെ ക്രൂശിക്കണം-
ദൈവമായ്ത്തന്നെത്താനെ
ഘോഷിച്ചുതാനിപ്പാപി.
അവനെ കൊലചെയ്യാൻ,
വിധി നീ എഴുതായ്കിൽ
സീസറിൻ പ്രതിനിധി-
യല്ല നീയോർത്തോളൂ."
അധികാരമോഹിയാ-
മവൻതന്നകമാകെ
വിധിതീർപ്പിനെച്ചൊല്ലി-
പ്പിടയാനാരംഭിച്ചു!

---

ള്ളതെന്ന് എനിക്ക് സംശയമില്ല. ഏതു വിഭാഗമായാലും ആ കലാപ്രകടനം നിങ്ങളുടെ ശോഭനമായ ജീവിതത്തിനുതകുന്നതായിരിക്കണം. ഏതു കലയും നിങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അതാതിന്റെ നിയമങ്ങൾ വേണ്ടവിധം പാലിച്ചിരിക്കണം. തക്കതായ അഭ്യാസമില്ലാത്ത ഏതൊരു സംരംഭവും അധികകാലം നിലനില്ക്കയില്ല. മാനസികഭാവങ്ങളെ വെളിപ്പെടുത്തുമ്പോൾ കഥാപാത്രത്തിന്റെ സ്ഥായിക്കനുസരണമായ ധ്വനിക്രമവും, ലയക്രമവും നിങ്ങൾ ഉൾക്കൊള്ളിച്ച് പ്രകടിപ്പിക്കണം. നിങ്ങൾ പ്രകടിപ്പിക്കുന്ന കലാവിരുന്ന് പണ്ഡിതപാമരന്മാരെ ഒരുപോലെ ആകർഷിക്കുന്നതിന് പര്യാപ്തമായിരിക്കണം. കല ജീവിതത്തിലെ ഒരു ഭാഗമാണെന്നുള്ളത് നിങ്ങളുടെ സ്മൃതിപഥത്തിൽനിന്നു മായരുത്. നിങ്ങളുടെ കലാപ്രകടനം ഇതര കോളേജുകളിലേയ്ക്ക് ഒരു മാർഗ്ഗദർശനം നൽകാനിടയാകട്ടെ! ഈ സംരംഭത്തിന് സകല ഭാവുകങ്ങളും സർവ്വലോകനാഥൻ പ്രദാനം ചെയ്യട്ടെ!

എന്നെ ഇവിടെ ക്ഷണിച്ചുവരുത്തി ഈ മഹൽകൃത്യ ചുമതലയും സ്ഥാനവും നൽകിയ ഇതിന്റെ ഭാരവാഹികളോട് നന്ദി പറഞ്ഞുകൊണ്ട് നിങ്ങളുടെ ലളിതകലാവകുപ്പിന്റെ പ്രവർത്തനം ഞാൻ ഇതാ ഉൽഘാടനം ചെയ്തുകൊള്ളട്ടെ!

ജയ്ഹിന്ദ്



Foot ball Team—Winners of the Ernakulam District.



E.M. Varghese, P.U.C.
Junior Champion



Gregory Tharakan, P.U.C.
New College Record
in 800 M. race.



C. V. Mathew, I M.S.W., College Champion.
New Record in 100, 400 and 400 M. Hurdles.
Represented the University and the State.



M. K. Dhanathan,
II B. Sc.,
*Mr. Thevara 1961—62.*



Basket ball Team, Winners, Fr. Bartholomew Memorial
Basket ball tournament.





Sports—Competitors taking oath

Athletic Team—Ernakulam Distric Champions



Fr. Bartholomew Memorial Basket ball
Tournament. Finals.
S. H. College VS. S. B. College



Fr. Bartholomew Memorial Volley ball
Tournament Finals.
S. H. College VS. Mar Ivanios College



Tug of War
Fr. Prior's team Vs Fr. Principal's



Musical Chair
Ministerial Staff.

പുത്രനാമൊരാൎയ്യം
മൎത്ത്യരോടറിയിപ്പാൻ
പീതസാഹസ്യമോടവൻ
ജനതാ മദ്ധ്യേ ചെന്നു.
'ബറബാസിനെവേണോ?
ക്രിസ്തുവീശോയെവേണോ?
ആരെ ഞാൻ സ്വതന്ത്രനായ്
വിട്ടയയ്ക്കണം—ചൊൽവിൻ'.
'ബറാബാസിനെ വൃഥാ
വിട്ടയച്ചാലും, താങ്കൾ'.
ഘോരപാതകിക്കായി
മാദ്ധ്യസ്ഥ്യം ചൊല്ലീ ജനം.
പാപദുഷ്ടപ്രപഞ്ചത്തിൻ
ഉത്തരംഗമാം ലോകേ;
ശോഭന വിശുദ്ധിതൻ
വെളിച്ചം തെളിച്ചോനെ,
സോദരരോടു നീതി
കാട്ടുവാനാജ്ഞാപിച്ച,
വേദസാരമാം മഹാ—
ധീരനെ വിശുദ്ധനെ
കൊലചെയ്യില്ലെന്നാകി—
ലെങ്ങനെ കൂത്താടുമീ—
യുലകിൽ കാപട്യമേ,
നീയിനി ചിരകാലം?
ശാന്തിദൂതനെ ക്രൂശിൽ
തറച്ചു വധിക്കണം;
ഘാതകൻ ബറാബാസെ
വിട്ടയയ്ക്കുയുംവേണം.
എന്തൊരു നീതിയിതു്?
എന്തൊരു വിധിയിതു്?
എന്തിനായല്ലെങ്കിൽ നാ—
മവരെ പഴിക്കുന്നു.
ഉലകിൻ പഴയതാം
ചരിത്രമിതുതാനെ.
മൂഢ,ദുരാചാര
രാക്ഷസിയുടെ നേരെ
ധീരനായ്, വിമൎശന
ശരങ്ങൾ തൊടുത്തതാം
സോക്രട്ടീസിനെപ്പണ്ടേ
ക്രൂശിച്ചതല്ലേ, ലോകം!
നീതിക്കായ് ദാഹിക്കുന്ന
പാപത്തെപ്പഴിക്കുന്ന
നീതിമാന്മാരെ നമ്മൾ
ക്രൂശിക്കയാണിപ്പോഴും.

---

## കുററവും ശിക്ഷയും

"തന്നിൽ താണവരോടും കീഴിൽ പണിയെടുക്കുന്നവരോടും ചിലർ കാണിക്കുന്ന നിൎദ്ദയത്വം നമ്മെ ആശ്ചൎയ്യപ്പെടുത്തും. കുററം കണ്ടുപിടിക്കുവാനുള്ള ജാഗ്രതയും, തെററു കുററങ്ങൾക്കെല്ലാം ശിക്ഷ കൊടുക്കാനുള്ള ഉത്സാഹവും കണ്ടാൽ യാതൊരു തെററും ചെയ്യാത്ത മാതൃകാപുരുഷന്മാരാണ് അവരെന്നു തോന്നും. ഭയങ്കരങ്ങളായ കുററങ്ങളെപ്പററിയല്ല ഇവിടെപ്പറയുന്നതു്. നമുക്കെല്ലാവൎക്കും സാധാരണ പററാറുള്ള വീഴ്ചകളെപ്പററിയാണ്. അതു കോപത്തോടെ പറയുന്നതിനുപകരം ദയയോടെ ചൂണ്ടിക്കാണിച്ചുകൊടുത്താൽ തെററു ചെയ്യുവന്റെ മനസ്സിൽ പശ്ചാത്താപമുണ്ടാകും. ദേഷ്യപ്പെടുന്നതിന്റെ ഫലം നേരെ മറിച്ചാണ്. വെറുപ്പുണ്ടാക്കുവാൻ മാത്രമേ അതു സഹായിക്കുകയുള്ളു.

അറിഞ്ഞിട്ടോ അറിയാതെയോ ഒരാൾ ഒരു തെററു ചെയ്തുവെന്നു വിചാരിക്കുക. അതിനു പകരംവീട്ടുന്നതുവരെ ചിലൎക്കു മനസ്സമാധാനമുണ്ടാകാറില്ല. പകരം വീട്ടിയാൽ മാത്രം പോരാ, ഇങ്ങോട്ടു ചെയ്തതിലധികം അങ്ങോട്ടു ചെയ്യണം. എന്നാലേ അവൎക്കു തൃപ്തി വരികയുള്ളു. 'തിന്മ ചെയ്തവൎക്കു നന്മ ചെയ്യണം' എന്ന ക്രിസ്തുദേവന്റെ ഉപദേശം അപ്രായോഗികമായ ഒരു വെറും പ്രമാണമായിട്ടേ അവർ കരുതുന്നുള്ളു. സ്ഥിരമായ മനശ്ശാന്തിയുണ്ടാക്കാൻ അതിനു സാധിക്കുമെന്ന രഹസ്യം അവൎക്കു ബോധ്യമായിട്ടില്ല.

—കെ. പി. കേശവമേനോൻ.

# മതവും രാഷ്ട്രവും

കെ. എം. അബ്രഹാം പി. യു. സി.

മനുഷ്യരാശിയുടെ ബഹിർമുഖമായ ഉന്നമനത്തിന്, രാഷ്ട്രത്തിന്റെ പൊതുവായുള്ള പുരോഗതിക്ക്, മതം വിഘാതമാകുന്നു എന്ന ഒരു ചിന്താഗതി രാഷ്ട്രീയാന്തരീക്ഷത്തിൽ പൊങ്ങിക്കാണുന്നുണ്ട്. തങ്ങളുടെ സ്വന്തം ചില താല്പര്യങ്ങളുടെ സംപൂർത്തിക്കുവേണ്ടിയല്ലേ, പൊതുജനനേതാക്കന്മാർ ഇത്തരം വാദമുഖങ്ങളുമായി നീതന്മാരെ സമീപിക്കുന്നത് എന്നത് ചിന്തനീയമാണ്. പരമാർത്ഥത്തിൽ മതം രാഷ്ട്രപുരോഗതിയുടെ മുമ്പിൽ വിലങ്ങുതടിയായി നിന്നിട്ടുണ്ടോ എന്ന് നോക്കാം.

മനുഷ്യന് ശരീരം, മനസ്സ്, ആത്മാവ് എന്നീ മൂന്നു ഘടകങ്ങളാണുള്ളത്. മനുഷ്യൻ പൂർണ്ണസംതൃപ്തിയടയണമെങ്കിൽ ശാരീരികവും മാനസികവുമായ സുഖങ്ങളുടെ സംതൃപ്തികൊണ്ട് മാത്രം സാധിക്കുന്നതല്ല. അതിന് ആത്മീയോൽക്കർഷം കൂടി അവശ്യം ആവശ്യമാണ്.

ചരിത്രത്തിന്റെ ആ പഴയ ഏടുകളിൽക്കൂടി ഒന്നു കണ്ണോടിച്ചാൽ മതവും രാഷ്ട്രവും തമ്മിൽ ഉണ്ടായിരുന്നിട്ടുള്ള താദാത്മ്യവും അചഞ്ചലവും ആയ ബന്ധത്തിന്റെ ഏകദേശരൂപം നമുക്കൊന്നു മനസ്സിലാക്കാം. ഭൗതികശക്തി ആത്മശക്തിക്കു മുൻപിൽ തല കുനിച്ചിട്ടുള്ള സന്ദർഭങ്ങൾ ലോകചരിത്രത്തിൽ അപൂർവ്വമല്ല. ബ്രിട്ടീഷ് ചരിത്രം ഇതിനൊരു പ്രത്യക്ഷോദാഹരണമാണ്. നോർമൻ രാജാക്കന്മാരുടെ വാഴ്ചക്കാലത്ത് പോപ്പും രാജാവും കൂടി അധികാരത്തിനുവേണ്ടി നടത്തിയ വടംവലി നമുക്കറിവുള്ളതാണല്ലോ. ഒടുവിൽ ഹെൻട്രി രണ്ടാമൻ തന്റെ അജയ്യവും, അതുല്യവും ആയ ഭൗതികശക്തിയുടെ പരിമിതമായ പരിധി മനസ്സിലാക്കി, പരിപാവനമായ ആത്മീയശക്തിക്കു മുമ്പിൽ, മതാദ്ധ്യക്ഷനായ പോപ്പിന്റെ മുമ്പിൽ മുട്ടുകുത്തുകതന്നെ ചെയ്തു.

എന്തിന് നാം അത്ര വളരെ ദൂരം അനാവശ്യമായി സഞ്ചരിക്കുന്നു, ഭൗതികശക്തി ആത്മശക്തിയുടെ പരിചാരകനായി നടന്നിരുന്നതായിട്ടുള്ളതിന് ഉദാഹരണങ്ങൾ ഭാരതചരിത്രം തന്നെ തപ്പി നോക്കിയാൽ കിട്ടുകയില്ലേ? തന്റെ ആജ്ഞാശക്തിക്കു മുൻപിൽ ലോകം വിറകൊള്ളണമെന്ന് ചിന്തിച്ചുകൊണ്ടിരുന്ന അതിപരാക്രമിയും ധീരശാലിയുമായിരുന്ന ബിംബിസാരൻ എന്ന ചക്രവർത്തി ബുദ്ധദേവന്റെ ആശ്രമത്തിൽ കടന്നുചെന്നത് ഇടിക്കുന്ന ഹൃദയത്തോടും വിറക്കുന്ന കാലുകളോടുംകൂടി ആയിരുന്നു എന്ന് ചരിത്രം ഉൽഘോഷിക്കുന്നു. തങ്ങളുടെ ആത്മീയ പുരോഗതി മറ്റുള്ളവരുടെ ഉന്നമനത്തിനുവേണ്ടി ഉപയോഗിച്ച എത്രയെത്ര ഋഷിവര്യന്മാരെ ഈ ഭാരതഭൂമി ജനിപ്പിച്ചിട്ടില്ല?

മതം രാഷ്ട്രപുരോഗതിക്ക് പ്രതിബന്ധമാണോ? ഈ പ്രശ്നം ഉന്നയിക്കാറുള്ള പലരും ഇന്ത്യാവിഭജനത്തേയും അതിന്റെ ആഘാതപ്രത്യാഘാതങ്ങളെയും ചൂണ്ടിക്കാണിക്കാറുണ്ട്. പരമാർത്ഥത്തിൽ "വിഭജനം" വരുത്തിവെച്ച ദൂരവ്യാപകഫലങ്ങൾക്ക് മതമാണോ ഉത്തരവാദി? കുലങ്കഷമായ ഒരു ശസ്ത്രക്രിയക്ക് ഈ പ്രശ്നത്തെ വിധേയമാക്കുന്നതായാൽ ഇത്തരം വാദമുഖങ്ങളുടെ പൊള്ളത്തരം നമുക്ക് മനസ്സിലാകും. പ്രത്യക്ഷമായ പ്രവർത്തനങ്ങളിൽക്കൂടി താന്താങ്ങളുടെ സ്ഥാപിതതാല്പര്യങ്ങൾ നിറവേറുകയില്ലെന്ന് കണ്ട രാഷ്ട്രീയ നേതാക്കന്മാർ കാര്യസാധ്യത്തിനുവേണ്ടി മതത്തെ ഒരായുധമാക്കി. അതാണ് ഇന്ത്യയുടെ നാനാഭാഗത്തും നാം ദർശിച്ചത്.

രാഷ്ട്രചരിത്രത്തിൽ മതം പുരോഗതിയുടെ രക്ഷകം എന്നും പ്രദാനം ചെയ്തിട്ടുണ്ട് എന്നതിന് ക്രിസ്തുമതം സാക്ഷ്യംവഹിക്കുന്നുണ്ട്. ക്രിസ്തുമതവും അതിന്റെ പുരോഹിതന്മാരും എന്തെല്ലാം തരത്തിലുള്ള ഗുണഗണങ്ങൾ മാനവസമുദായത്തിന് ചെയ്തിട്ടില്ല? നമ്മുടെ ലോകചരിത്രത്തിൽ രണ്ടായിരം കൊല്ലങ്ങൾക്ക് അപ്പുറം മുതലുള്ള സാംസ്കാരികപുരോഗതിയുടെ സിംഹഭാഗവും ക്രിസ്തുമതത്തിന്റെയും അവരുടെ സ്ഥാപനങ്ങളുടെയും അക്ഷീണപരിശ്രമങ്ങളുടെ പരിണതഫലമാണെന്നു പറയുകയാണെങ്കിൽ അതൊരു പരമാർത്ഥം മാത്രമാണ്.

ചെറുകഥ

# വിവാഹസമ്മതം

പി. ജെ. മാത്യു, II ബി. എസ്സ്സി.

ഞാൻ കട്ടിലിൽനിന്നും എഴുന്നേറ്റു. ജനലിന്റെ അടുത്തു ചെന്നു നിന്നു. എന്നിട്ടു ശ്രദ്ധിച്ചു. ഇപ്പുറം നല്ലവണ്ണം കേൾക്കാം. ജനൽപ്പാളികൾക്കിടയിലൂടെ കാണുകയും ചെയ്യാം. എല്ലാവരുമുണ്ട്. കാപ്പി കഴിഞ്ഞു മുറുക്കുകയാണ്. ഇടയ്ക്കു സംസാരവും. ആ കാര്യംതന്നെയാണ് വിഷയം. ഇടക്കാരൻ തോമാച്ചേട്ടനാണ് മുക്കാൻതളത്തിന്റെ അറ്റത്തിരിക്കുന്നതു്.

"കേട്ടോ മാർക്കോച്ചേട്ടാ! ഞാനാണെങ്കിൽ നിങ്ങൾ ചോദിക്കുന്നതിൽ പത്തോ ആയിരമോ കൂട്ടിത്തരാൻപോലും സമ്മതമാ."

അപ്പന്റെ മറുപടി കേൾക്കാനൊന്നില്ല. എന്താണെന്നറിയാം. ചെവിയടച്ചു പൊത്തിപ്പിടിച്ചാലോ? വേണ്ട. കേൾക്കണം. കേട്ടു തഴമ്പിക്കണം. അപ്പൻതന്നെയാണ് പറയുന്നതു് എന്നു ബോദ്ധ്യം വരണം.

"ഞാൻ പറഞ്ഞില്ല എനിക്കു സമ്മതക്കേടില്ലെന്ന്", പക്ഷേ അവൻ...... !"

അപ്പുറം അപ്പന്റെ ചുമ പൊട്ടി. നിരന്തരമുള്ള അസഹ്യമായ ചുമ. ചുമയ്ക്കുമ്പോൾ പിടലിയിലെ ഞരമ്പുകൾ എഴുന്നു നിൽക്കുന്നു. കണ്ണുകൾ തുറിച്ചും, കിണററിൽ കല്ലിടുന്നതുപോലെ നെഞ്ചമർത്തിപ്പിടിച്ചുകൊണ്ടുമുള്ള ആ ചുമ. തന്റെ നെഞ്ചമർത്തിപ്പിടിക്കാനാണ് അവന് തോന്നുന്നതു്. ചുമചുമ വേദനിക്കുന്നതു് തന്റെ ഹൃദയമാണ്. അവിടെ നില്ക്കാൻ കഴിഞ്ഞില്ല. വേഗം തിരിച്ചുനടന്നു കട്ടിലിൽ ചെന്നു വീണു.

"മോനേ, ഞങ്ങളെയോർത്തു വിഷമിക്കേണ്ടാ. ഞങ്ങളെങ്ങനെയെങ്കിലും കഴിഞ്ഞോളാം. പഠിച്ചു് നീ ഒരു മിടുക്കനാക്." അപ്പന്റെ ആശയായിരുന്നു. അവന് മടിയായിരുന്നു, കോളജിൽ പോകാൻ. മടിയായതുകൊണ്ടായിരുന്നോ? അല്ല. പരാധീനതകളെക്കുറിച്ചു നന്നായി ബോദ്ധ്യമുണ്ട്. വരുമാനമെന്താണെന്നറിയാം. സഹോദരിമാരുടെ ഭാവിയെക്കുറിച്ചു് ചിന്തിക്കണം.

---

ഭാരതത്തിന്റെ സ്ഥിതിതന്നെ നോക്കാം. ഇവിടെ ക്രിസ്തുമതം വേരൂന്നിയതു വളരെ കുറച്ചു കൊല്ലങ്ങൾക്കു മുൻപാണ്. പക്ഷേ അതുകൊണ്ടുണ്ടായ നേട്ടങ്ങളോ സ്വാധീനവും. വിദ്യാഭ്യാസ വിഷയത്തിൽ മാത്രം ക്രിസ്തുമതവും അതിന്റെ സ്ഥാപനങ്ങളും ഭാരതത്തിന് എന്തെല്ലാം ഗുണങ്ങൾ കൈവരുത്തിയിട്ടില്ല?

കേരളത്തിൽ, കന്യാകുമാരി മുതൽ കാസർകോട്ടുവരെ രാജ്യത്തിന്റെ നാനാഭാഗങ്ങളും ഉയർന്നു കാണുന്ന കലാലയങ്ങളും സ്കൂളുകളും ക്രിസ്തുമതസ്ഥാപനങ്ങളുടെ നിരന്തര പരിശ്രമഫലമാണെന്ന പരമാർത്ഥം നാം സ്മരിക്കുമ്പോൾ, കേരളത്തെ വിദ്യാഭ്യാസ വിഷയത്തിൽ ഇന്നത്തെ നിലയിലെത്തിക്കുന്നതിൽ മതത്തിനുള്ള മഹനീയസ്ഥാനം നമുക്കു് മനസ്സിലാക്കാം.

ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്. ഇവിടെ നാനാമതസ്ഥർക്കും താന്താങ്ങളുടെ അഭിപ്രായപ്രകടനത്തിനും അവരവരുടെ ആശയസംഹിതകൾ പൊതുജനമദ്ധ്യത്തിൽ പ്രചരിപ്പിക്കുവാനും സ്വാതന്ത്ര്യമുണ്ട്.

സാമ്പത്തികാധഃപതനത്തിൽപ്പെട്ടു രാജ്യം ഇന്നു് ഉഴലുകയാണ്. ഇന്നത്തെ ദുഷിച്ച സാമ്പത്തിക വ്യവസ്ഥിതിയാണ് ഇതിനു പ്രേരണ നല്കുന്ന ഒരു പ്രധാന ഘടകം. അതിന് ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിയിൽ സമൂലമായ ഒരു പരിവർത്തനം നടത്തണം. അതോടൊപ്പം ആത്മീയകാര്യങ്ങളിൽ ജനങ്ങൾക്കുള്ള ശ്രദ്ധയെ നാനാവിധത്തിൽ പോഷിപ്പിക്കുകയും വേണം. അങ്ങനെ ഈ ഘട്ടത്തിൽ മതം രാഷ്ട്രപുരോഗതിക്കു വേണ്ടി നല്ലൊരു പങ്ക് വഹിക്കേണ്ടതുണ്ട്. ആ പങ്ക് ശരിയായി അനുഷ്ഠിക്കയാണെങ്കിൽ മാത്രമേ ഈ പ്രതിസന്ധിഘട്ടത്തെ തരണം ചെയ്യാൻ ലോകത്തിനു സാധിക്കയുള്ളൂ. അതിന് മനുഷ്യസ്നേഹികളെല്ലാം ഒത്തൊരുമിക്കട്ടെ.

"മാമച്ചാ. നീ ജയിച്ചിട്ട് ഉദ്യോഗം നോക്ക്". എന്നിട്ട് ഞങ്ങളുടെ കാര്യം നോക്കിയാൽ മതി" എന്ന പ്രതീക്ഷകളോടെ സഹോദരിമാർ ആശ്വസിച്ചു. ഉദ്യോഗസ്ഥന്റെ സഹോദരി എന്ന് സ്വപ്നം കാണാനായിരുന്നിരിക്കണം. ഞങ്ങളുടെ ഭാവിക്ക് ഗുണപ്രദമായിരിക്കും എന്ന് കരുതിയിട്ടുണ്ടാവണം.

അരയേക്കർ സ്ഥലം. ആരോഗ്യം നശിച്ച അപ്പൻ. വിവാഹപ്രായമെത്തിയ മൂന്ന് പെങ്ങന്മാർ. ഇവയാണ് അവന്റെ സ്വന്തമായുള്ള വകകൾ.

അപ്പന്റെ ആഗ്രഹവും പെങ്ങന്മാരുടെ പ്രതീക്ഷയുംമൂലം അവസാനമുറച്ചു, പഠിക്കാൻതന്നെ. കോളേജിലെ മാദകമായ അന്തരീക്ഷം അവനെ മയക്കി. വീട്ടുകാരെ മറന്നു. കുടുംബസ്ഥിതിയെപ്പറ്റിയും ചിന്തിച്ചില്ല.

"മോനെ നീയിങ്ങനെ രൂപായിക്കെഴുതിയാ ഞങ്ങളെന്താ ചെയ്യുമെടാ. നിനക്കറിയാമല്ലോ നമ്മുടെ ചുറ്റുപാടൊക്കെ." മണിയോർഡർഫാറത്തിൽ അപ്പനെഴുതുമായിരുന്നു. ഫാറത്തിൽ സാക്ഷിയൊപ്പിടുവിക്കാൻ അദ്ധ്യാപകരെയും മറ്റും സമീപിക്കുന്നത് ആ ഭാഗം കീറിക്കളഞ്ഞിട്ടാണ്; അവർ കണ്ടെങ്കിൽ? എന്തു കുറച്ചിലാണ്. കിഴക്കുള്ള ഒരു വലിയ റബ്ബർത്തോട്ടത്തിന്റെ മാനേജരാണ് അപ്പൻ, എന്നാണ് അവരെയൊക്കെ വിശ്വസിപ്പിച്ചിരിക്കുന്നത്. മണിയോർഡർ കിട്ടുന്നദിവസം ഒരു "ചെലവ്" ചെയ്യണം എന്നത് നിർബന്ധമാണ്. "പാർക്കേഴ്സി"യിലോ "മലബാറി"ലോ ആയിരിക്കും പോവുക. കൂടെ സ്വന്തം "കമ്പനി"യിലെ അംഗങ്ങളുണ്ടാവും. പതിവുപാടിയൊക്കെ കഴിഞ്ഞ് ഒന്നുകിൽ ഫിലിമിന് പോകും, അല്ലെങ്കിൽ ബീച്ചിൽ; ബ്രൂസ്‌ട്രീറ്റിൽ, മാഫ്‌ഷോറിൽ ഇവിടെയൊക്കെ. വിമൻസ്കോളേജിന്റെ പരിസരത്തെല്ലാം ചിലർ ചുറ്റിത്തിരിയുന്നുണ്ടാവും.

"ഇന്നുമുതൽ ഞാനും ടാപ്പിംഗിനു പോണു. പനിയായതുകൊണ്ട് ചേച്ചി പണിക്കു പോണില്ല." ഇളയപെങ്ങൾ എഴുത്തിൽ സൂചിപ്പിച്ചു.

വരിവരിയായി എൻ. സി. സിക്കാരെപ്പോലെ അറ്റൻഷനായി നില്ക്കുന്ന റബ്ബർമരങ്ങൾ മനസ്സിൽ തെളിഞ്ഞു. ചവട്ടിൽകൂടി വിയർത്തൊലിച്ചു കത്തിയുമായി ഓടിനടക്കുന്ന ടാപ്പിംഗുകാരെയും. അവരിൽ ഒരാളായി അവളും തീർന്നിരിക്കുന്നു. ഒരു കുടുംബത്തിന്റെ പ്രാരബ്ധമെല്ലാം തലയിൽ പേറിയിട്ടുണ്ട്. കൂടെ ഒരു വെള്ളാനയെപ്പോറ്റാനുള്ള ചുമതലയും. പക്ഷെ അതൊന്നും മനസ്സിനെ സ്പർശിച്ചില്ല.

"സാരമില്ല. ഇനി രണ്ടുമാസംകൂടിയേ പരീക്ഷയുള്ളു. അതു കഴിഞ്ഞു വല്ല ജോലിയും കിട്ടും." പക്ഷെ അതൊരു സ്വപ്നമായിരുന്നു. വെറുമൊരു സ്വപ്നം. പല പടിവാതിൽക്കലും മുട്ടി. പലരോടുമിരന്നു. അഭിമാനത്തിന്റെ മാറാപ്പഴിച്ചുവെച്ചിട്ട് യാചിച്ചു. പക്ഷെ നിരാശയായിരുന്നു ഫലം. ഉദ്യോഗം തരാൻ ആർക്കും മനസ്സുണ്ടായില്ല.

തൊഴിൽ വല്ലതും ചെയ്യരുതോ? ഒന്നും വരില്ല. (അപ്പോഴാണ് ഓർത്തത് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി. കുറെ സയൻസും കുറെ ലിറ്ററേച്ചറും പഠിച്ചാൽ എല്ലാമായി എന്നു ധരിച്ചിരുന്നു.) ഒരു കാര്യംകൂടി. [illegible] മണ്ണിൽ കിളയ്ക്കാൻ പോകുന്നതും റബ്ബർ വെട്ടാൻ പോകുന്നതും അന്തസ്സറ്റ പണികളാണ്. ആളുകൾ അറിഞ്ഞാൽ എന്തു മോശം?

പക്ഷെ, എല്ലുന്തി, കുനിഞ്ഞ് ചുമച്ചുചുമച്ച് നടക്കുന്ന അപ്പനെയും, കീറ്റലിൽ പൊതിഞ്ഞ ആശയോടെ തന്നെ നോക്കുന്ന സഹോദരികളെയും കാണുമ്പോൾ അവന്റെ മനസ്സ് നീറുകയായിരുന്നു. അവരുടെ ചോരയും നീരും വറ്റിച്ചത് താനാണെന്നവന് ബോദ്ധ്യമുണ്ട്. അവരുടെ ആശാലതകൾ വാടിക്കരിയുന്നതും മറ്റൊന്നുംകൊണ്ടല്ല. അവന്റെ സ്വാർത്ഥത.

ഉദ്യോഗം കിട്ടിയെങ്കിൽ. എങ്കിൽ ഒന്ന് ആശ്വസിക്കാമായിരുന്നു. കിട്ടാത്തത് സ്വന്തം കുറ്റംകൊണ്ടാണോ? തീർത്തും നിരപരാധിയെന്നു പറഞ്ഞുകൂടാ. നന്നായി പഠിച്ചിരുന്നെങ്കിൽ ഒന്നാംക്ലാസ്സു കിട്ടുമായിരുന്നു. ചിലപ്പോൾ ജോലി ലഭിച്ചേനെ. അധികം ചിന്തിച്ചില്ല. മൂന്നാംക്ലാസ്സിലാണ് പാസ്സായത്.

വാസ്തവത്തിൽ അവന് ഭയമാണ് സഹോദരികളുടെ മുഖത്തു നോക്കാൻ. അവരുടെ വിളറിയ വദനം കാണുമ്പോൾ ഹൃദയം മരവിച്ചുപോവുകയാണ്.

രാവിലെ വീട്ടിൽനിന്നും ഇറങ്ങും. ഒരുപാത്രം കാപ്പി കുടിച്ചെങ്കിലായി. കുറെ അലഞ്ഞുതിരിയും. പല പടിവാതുക്കലും മുട്ടും. സന്ധ്യയാവുമ്പോൾ മടങ്ങിയെത്തും; കൂടുതൽ ഭാണ്ഡക്കെട്ടുകളും പേറികൊണ്ട്. നിരാശയുടെ ഭാണ്ഡക്കെട്ടുകൾ! ദിവസംതോറും അതിന്റെ ഭാരം ഏറിവന്നു.

അത്താഴം വിളമ്പിവച്ചിട്ടുണ്ടാവും. യാന്ത്രികമായി ചിലപ്പോൾ കഴിക്കും. ഒന്നും മിണ്ടുകയി

ളു. സഹോദരിമാരാണ് ഇപ്പോഴും തന്നെ പോറ്റുന്നതെന്ന് ചിന്തിക്കുമ്പോൾ ചോറുരുള തൊണ്ടയിൽ തടയും. വേഗം എണീറ്റു കൈ കഴുകും. നിറഞ്ഞ മിഴികളോടെ പെങ്ങന്മാർ നോക്കി നില്ക്കയേ ഉള്ളൂ. മൂകതയാണ്. വാചാലമായ മൂകത!

തന്നെ കുറെ ശകാരിച്ചെങ്കിൽ, രൂക്ഷമായി നിന്ദിച്ചെങ്കിൽ, ആട്ടിപ്പുറത്താക്കിയെങ്കിൽ എന്നൊക്കെ ആഗ്രഹിക്കാറുണ്ട്. എങ്കിൽ അല്പം ആശ്വാസം ലഭിക്കും ഹൃദയത്തിന്. വിങ്ങിപ്പൊട്ടിനില്ക്കുന്ന അന്തരീക്ഷം. വേവുകയാണ്. ഒരു മഞ്ഞുതുള്ളിപോലും വീഴുകയില്ലേ?

പ്രതിവിധിയുണ്ട്. ആ വിവാഹത്തിന് സമ്മതിച്ചാൽ മതി. കുഴപ്പമെല്ലാം തീരും. സഹോദരിമാരെ രക്ഷിക്കാം. അവരുടെ ഭാവി സുരക്ഷിതമാക്കാം. അപ്പനെയും പോറ്റാം. അവനും ജീവിക്കാം. പക്ഷേ അവനിലെ വ്യക്തിത്വത്തെ നശിപ്പിക്കണമെന്നു മാത്രം. മറ്റൊരു മനുഷ്യനായി തീരണം.

അല്ലെങ്കിൽ ഈ വ്യക്തിത്വം തന്നെയെന്താണ്? വെറും സങ്കല്പം. മറ്റു പലതുംപോലെ. എന്തിനും കഴിവുള്ളവനു വേണമെങ്കിൽ വ്യക്തിത്വം പുലർത്താം. കഴിവില്ലാത്തവന് അതിന്റെ ആവശ്യമില്ല. അതൊരു പ്രതിബന്ധമാണ്, ജീവിക്കാനാഗ്രഹിക്കുന്ന പാവപ്പെട്ടവന്.

അവന് ഒരു വലിയ കടപ്പാടുണ്ട്. തികച്ചും ബാധ്യസ്ഥനാണ് ചെയ്തുതീർക്കാൻ. സഹോദരിമാരുടെ കണ്ണീർ തുടയ്ക്കണം. അവരുടെ മുഖം തെളിയണം. അതിന് ആ ത്യാഗത്തിനൊരുമ്പെടണം. അതേ പറ്റൂ. അതേ ഒരു പോംവഴിയുള്ളൂ. അതു മാത്രം.

ഇന്നലെയും അപ്പൻ ചോദിച്ചു.

“മോനേ, നിനക്ക് അതിനു സമ്മതമാണോ”?

ഒന്നും പറയാൻ തോന്നിയില്ല. ഇത്രമാത്രം പറഞ്ഞു.

“അല്പംകൂടി ആലോചിച്ചിട്ട് പറഞ്ഞാൽ പോരേ?”

അവളെ കല്യാണം കഴിച്ചാൽ പതിനായിരം രൂപാ കിട്ടും, സ്ത്രീധനമായി. എസ്തേറ മാനേജരുടെ മകളാണ്. ഭാവിയിൽ പലതുകൊണ്ടും പ്രയോജനപ്രദംതന്നെ. ആ പതിനായിരംരൂപാകൊണ്ട് പെങ്ങന്മാരുടെ വിവാഹം ഭംഗിയായി നടത്താം. അപ്പനെയും സംരക്ഷിക്കാം. പക്ഷേ.....!

അവൾ ഗർഭിണിയാണ്. എസ്തേറ സൂപ്രണ്ടുമായി സ്നേഹത്തിലായിരുന്നു. കാര്യം കുഴപ്പത്തിലായപ്പോൾ അയാൾ സ്ഥലം വിട്ടു.

അപ്പൻ മുറിയിൽ കയറിവന്നു. കൂടെ ഇടക്കാരനുമുണ്ട്

“മോനേ, മാമച്ചാ നീ എന്തു പറയുന്നു? നിനക്കു സമ്മതമാണോ?” ആ കണ്ണുകൾ കൂടുതൽ പ്രകാശിച്ചിരുന്നു. കണ്ണുകൾ വിടർത്തി ആശയറ്റ മുഖത്തോടെ ഉള്ള ആ ചോദ്യം! ഇടയ്ക്കു ആ ചുമയും. കാതുകളിൽ വീണ്ടും വീണ്ടും പ്രതിധ്വനിക്കുന്നു. വീർപ്പുമുട്ടിപ്പോവുകയാണ്. “അതെ” എന്നു പറഞ്ഞാൽ എല്ലാം ശരിയായി. താനപ്പോഴും മനുഷ്യനല്ലാതായിത്തീരില്ല എന്നവൻ വിചാരിച്ചു.

“നീ ഓർത്തുനോക്ക്. നിന്റെ മൂന്നു പെങ്ങന്മാർ, നിനക്കുവേണ്ടി പാടുപെട്ട നിന്റെ പെങ്ങന്മാർ. ഒന്നും ചെയ്യുവാൻവയ്യാത്ത നിന്റെ അപ്പൻ. നീ ഒന്നു ചിന്തിച്ചേ”

തന്റെ കടപ്പാടുകളുടെ നേർക്കുള്ള ഒരു ചോദ്യചിഹ്നംപോലെ അപ്പൻ കുനിഞ്ഞുനിന്ന് ചുമച്ചുകൊണ്ടിരുന്നു; നെഞ്ചമർത്തിപ്പിടിച്ച്. “അതെ, അപ്പാ എനിക്കു സമ്മതമാണ് അവളെ കല്യാണം കഴിക്കാൻ.” ആവേശത്തോടെ അവൻ പറഞ്ഞു. എന്നിട്ട് കട്ടിലിൽ തളർന്നു വീണു. താൻ പാലിച്ചുകൊണ്ടുപോന്ന ജീവിതമൂല്യങ്ങളും, തകർന്നു പതിക്കയായിരുന്നു.

അപ്പോഴും നെഞ്ചമർത്തിപ്പിടിച്ച്, കിണററിൽ കല്ലിടുന്നതുപോലെ അപ്പൻ ചുമച്ചുകൊണ്ടിരുന്നു.

യാത്രാവിവരണം

# ഡാൻസിംഗ് ഗേളിന്റെയും കിസ്സിംഗ് റോക്കിന്റെയും നാട്ടിൽ

പി. എം. എം. റാവുത്തർ III ബി. എസ്‌സി.

കലാലയത്തിന്റെ കനത്ത ഭിത്തികളിൽ ഒതുങ്ങിയിരുന്നു വിഷയങ്ങളുമായി നിരന്തരം സമരം ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിദ്യാർത്ഥിക്ക് സന്തോഷത്തിന്റെ കല്ലോലങ്ങളിൽ നീന്തിക്കളിക്കാനുള്ള ഒരുപാധിയാണ് വിനോദയാത്രകൾ. പ്രകൃതിസുന്ദരമായ ബാഹ്യലോകത്തിൽ നിന്നുകൊണ്ട് അവന്റെ ജീവിതപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ ഇത്തരം യാത്രകൾ സഹായിക്കുന്നു. സൌഭാഗ്യത്തിന്റെ കളിത്തൊട്ടിയിൽ കർത്തൃത്വത്തിന്റെ മാതൃമമത അനന്തതയുടെ അഗാധതയിലേക്ക് വിശേഷമായ നാവികരാൽ നയിക്കപ്പെട്ടപ്പോൾ അന്നുവരെ അനുഭവപ്പെട്ടിട്ടില്ലാത്ത കരങ്ങളിലാണ് ഞങ്ങൾക്ക് ലഭിച്ചത്.

അന്നൊരു ബുധനാഴ്ചയായിരുന്നു. 1961 ഒക്ടോബർ 11-ാം തീയതി 25 പേരടങ്ങുന്ന ഞങ്ങളുടെ സംഘം രാത്രി 8 മണിക്ക് പെരുമാതുറ ജംഗ്ഷനിൽക്കൂടി. വിദൂരമായിരുന്നില്ലാത്ത പുത്തൻ യാത്ര ആരംഭിക്കുന്ന ഒരു പിതാവിന്റെ ഹൃദയത്തുടിപ്പുകളോടെ ഞങ്ങളുടെ പ്രൊഫസർ അനുഗ്രഹാശിസ്സുകൾ നേർന്ന് ഞങ്ങളെ യാത്രയാക്കി. 'ടെർമിനസ്സ്' റയിൽവേ സ്റ്റേഷനിൽനിന്നും രാത്രി 11 മണിക്കുള്ള ട്രെയിൻ ഞങ്ങളെയും വഹിച്ചുകൊണ്ട് ഒരു നെടുനീളൻ ചൂളംവിളിയോടുകൂടി മുന്നോട്ടു കുതിച്ചു. ശീതളനിശ്ശബ്ദമായ അന്തരീക്ഷം പൊട്ടിച്ചിരികളുടെയും ആഹ്ലാദാരവങ്ങളുടെയും ഒരു ലോകമായിത്തീർന്നു. ഞങ്ങളെ നയിച്ച അദ്ധ്യാപകർ ക്ലാസ്മുറിയിലെ നിലവിട്ട് സൗഹൃദത്തിന്റെ പൂങ്കാവനത്തിലേയ്ക്ക് ഇറങ്ങിവന്നതോടുകൂടി യാത്ര തികച്ചും സജീവമായിത്തീർന്നു. എങ്കിൽക്കൂടി ഞങ്ങളുടെ ഓരോ കാൽവയ്പിലും അവർ ശ്രദ്ധാലുക്കളായിരുന്നു.

രാത്രിയുടെ ദളങ്ങൾ കൊഴിഞ്ഞുകൊണ്ടേയിരുന്നു. ഇതിനിടയിൽ ചില 'വിരുതന്മാർ' ട്രെയിനിന്റെ ഇടുങ്ങിയ ബെഞ്ചുകളിൽ സ്ഥലം പിടിച്ചു കഴിഞ്ഞു. ഏറെക്കഴിഞ്ഞപ്പോൾ അവിടവിടെ നിന്നായി ചില കൂർക്കംവലികൾ കേട്ടു തുടങ്ങി. 12-ാം തീയതി രാവിലെ ഞങ്ങൾ "കോയമ്പത്തൂരിൽ" എത്തി. ചുരുങ്ങിയ സമയംകൊണ്ട് പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ചശേഷം വീണ്ടും ഞങ്ങൾ 'മേട്ടുപ്പാളയത്തി'നുള്ള ട്രെയിനിൽ യാത്ര തുടർന്നു. തുടർന്നുള്ള യാത്ര ക്ലേശപൂർണ്ണമായിരുന്നു. കടുത്ത വെയിലും വരണ്ട കാറ്റും ഞങ്ങളുടെ ശരീരസ്ഥിതിയെ ഒട്ടാകെ ബാധിച്ചു. പല രീതിയിലുള്ള ആളുകൾ—ഭിന്നരീതിയിലുള്ള ഭാഷകൾ സംസാരിച്ചു കേട്ടപ്പോൾ ഞങ്ങൾക്ക് വളരെ രസംതോന്നി. ഞങ്ങളിൽ ചിലർ സരസഭാഷയിൽ അവരുമായി കുറച്ചൊക്കെ സംസാരിക്കാതിരുന്നില്ല. വണ്ടി 12 മണിയോടുകൂടി 'മേട്ടുപ്പാളയ'ത്തിൽ എത്തിച്ചേർന്നു. നീണ്ട യാത്ര എല്ലാവരെയുംതന്നെ ക്ഷീണിതരാക്കിയിരുന്നു. ഊണു കഴിഞ്ഞ് അല്പമൊന്ന് വിശ്രമിച്ചശേഷം 'ഊട്ടി'ക്കുള്ള ട്രെയിനിൽ സ്ഥലം പിടിച്ചു. ഇന്ന 'കമ്പാർട്ടുമെന്റുകൾ' ഞങ്ങളുടെ ബാഹ്യവീക്ഷണത്തിന് ഒട്ടുംതന്നെ പ്രതിബന്ധമുണ്ടാക്കിയില്ല. ഉത്കടശിരസ്കരായ കടപ്പനകളും നഗ്നശിരസ്കരായ മുളങ്കാടുകളും ഞങ്ങളെ കൗതുകപൂർവ്വം വീക്ഷിച്ചുകൊണ്ടിരുന്നു. കുറച്ചുകൂടി മുന്നോട്ടു നീങ്ങിയപ്പോൾ വൃക്ഷലതാദികൾ കുറെക്കൂടി ഇടതൂർന്ന് കാണപ്പെട്ടു. പൊട്ടിച്ചിരിക്കുന്ന കാട്ടാറുകളുടെയും, പേടി തോന്നിക്കുന്ന മലയിടുക്കുകളുടെയും ഇടയിൽക്കൂടി ഞങ്ങളുടെ ട്രെയിൻ ഒരു പെരുമ്പാമ്പിനെപ്പോലെ ഇഴഞ്ഞു നീങ്ങിക്കൊണ്ടേയിരുന്നു. ഉദ്ദേശം 4 മണിയോടുകൂടി ഞങ്ങൾ 'കൂനൂരി'ൽ എത്തിച്ചേർന്നു. ഓരോ കപ്പ് കാപ്പി കഴിച്ചശേഷം വീണ്ടും യാത്ര തുടർന്നു. ക

ക്കണ്ണെത്താത്ത ദൂരത്തിൽ വ്യാപിച്ചു കിടക്കുന്ന തേയിലത്തോട്ടങ്ങളും, അവയ്ക്കിടയിലൂടെ വളഞ്ഞു പുളഞ്ഞു പോകുന്ന ഒററയടിപ്പാതകളും നല്ല ഉയരത്തിൽ ഇലിവർണ്ണപത്രമണിഞ്ഞ യൂക്കാലിമരങ്ങളും, 'കന്നൂരി'ൽനിന്നും കയറിയ മലയാളികളായ ചില കൊച്ചുമിടുക്കന്മാരുടെ കസ്രത്തുകളും സമയം തള്ളിനീക്കിയതറിഞ്ഞതില്ല. ഇത്രയുമായപ്പോൾ തണുപ്പ് വർദ്ധിക്കുവാൻ തുടങ്ങി. പ്രകൃതിയാകുന്ന സുന്ദരി മഞ്ഞിന്റെ മൂടുപടമണിഞ്ഞു. മിക്കവാറും ശരീരങ്ങൾ കമ്പിളികളാൽ പൊതിയപ്പെട്ടു. മരം കോച്ചുന്ന മഞ്ഞിനെപ്പോലും വകവെയ്ക്കാതെ ഞങ്ങളുടെ ഹൃദയങ്ങൾ ചുററുപാടുമുള്ള കാഴ്ചകൾ കാണുവാൻ വ്യഗ്രത കാട്ടിക്കൊണ്ടിരുന്നു. ഏകദേശം വൈകുന്നേരം 6 മണിയോടുകൂടി ഞങ്ങൾ "പുഷ്പങ്ങളുടെ പറുദീസ"യെന്നറിയപ്പെടുന്ന ഊട്ടിയിൽ എത്തിച്ചേർന്നു.

മുൻകൂട്ടി സൗകര്യപ്പെടുത്തിയിരുന്ന ഹോട്ടലിൽ ഞങ്ങളുടെ ലഗേജുകൾ എല്ലാം വച്ചശേഷം പട്ടണം ചുററി കാണുവാൻ ഇറങ്ങിത്തിരിച്ചു. ആ ചെറിയ പട്ടണം ശുചിത്വത്തിൽ പിന്നോക്കമായിരുന്നെങ്കിൽകൂടി ഫലവസ്തുക്കളുടെ ഒരു നിറഞ്ഞ കലവറതന്നെയായിരുന്നു. പിറേറ ദിവസം രാവിലെ 8–30 ന് ഞങ്ങൾ "നാഷണൽ ബൊട്ടാണിക്കൽ ഗാർഡൺ" സന്ദർശിച്ചു. അടുക്കിലും ചിട്ടയിലും സൂക്ഷിച്ചിരുന്ന ആ തോട്ടവും അതിനുള്ളിൽ ആത്മാർത്ഥതയോടുകൂടി ജോലി ചെയ്തിരുന്ന ഉത്തരവാദിത്വമുള്ള ജോലിക്കാരും ഞങ്ങളുടെ ശ്രദ്ധയെ വളരെയാകർഷിച്ചു. പുതിയ പുതിയ ചെടികൾ കാണുന്നതിനും, അവയെക്കുറിച്ച് വിശകലനംചെയ്ത് പഠിക്കുന്നതിനും ഞങ്ങൾ അത്യന്തം ഉത്സുകരായിരുന്നു. ഞങ്ങൾക്കുവേണ്ടി എല്ലാ സൗകര്യങ്ങളും ചെയ്തിരുന്ന 'തങ്കനോട്' ഞങ്ങൾക്കുള്ള കടപ്പാട് കുറച്ചൊന്നുമല്ല.

പച്ചനീരാളത്തിൽ മുത്തുമണികൾ പോലെ വിവിധ വർണ്ണത്തിലുള്ള പുഷ്പങ്ങൾ ചിട്ടയിൽ നട്ടുവളർത്തിയ ആ തോട്ടം ഒരു വ്യത്യസ്ത ലോകമായിത്തന്നെയാണ് ഞങ്ങൾക്കനുഭവപ്പെട്ടത്. സൂര്യകിരണങ്ങളേററ് വിടർന്ന് പരിമളം പരത്തിനിൽക്കുന്ന മനോഹരങ്ങളായ പുഷ്പങ്ങൾ, –സദാസമയവും പുഞ്ചിരിതൂകുന്ന 'ഡാൻസിംഗ് ഗേൾ', അംബരചുംബികളായ 'മംഗീസ്–പുല്ലുകൾ', നൂററാണ്ടുകൾക്കുമുമ്പ് ബുദ്ധന് ബോധോദയമരുളിയ ബോധിവൃക്ഷത്തിന്റെ പിൻഗാമികൾ, വിമാനംപോലിരിക്കുന്ന "കൊളേഷിയാഫെറോക്ക്സുകൾ', മനോഹരമായ 'ഗ്ലാസ്ഹൗസ്' പരസ്പരം ചുംബിച്ചുകൊണ്ടുനിൽക്കുന്ന 'കിസ്സിംഗ് റോക്ക്'', എന്നുവേണ്ട പ്രകൃതിയുടെ മനോഹര ചിത്രംതന്നെ ഞങ്ങളവിടെ ദർശിച്ചു. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന അദ്ധ്യാപകർ ഇവയുടെ എല്ലാം പ്രത്യേക സ്വഭാവങ്ങളും വിവരിച്ചുതന്നുകൊണ്ടിരുന്നു. ഇവ എല്ലാംതന്നെ പഴയ 'നളന്ദ'യുടെയും 'തക്ഷശില'യുടെയും പ്രതീകങ്ങളായിരുന്നു. ഇതിനിടയിൽ മററു പല പഠനസംഘങ്ങളും വന്നുപൊയ്ക്കൊണ്ടിരുന്നു. നിറഞ്ഞ ഹൃദയത്തോടും തികഞ്ഞ ആത്മസംതൃപ്തിയോടുംകൂടിയാണ് ഞങ്ങൾ 'ബൊട്ടാണിക്കൽ ഗാർഡനി'ൽ നിന്നും വിടവാങ്ങിയത്. അതോടുകൂടി ഞങ്ങളുടെ അന്നത്തെ പരിപാടി അവസാനിച്ചു. ഉച്ചയ്ക്കുശേഷമുള്ള സമയം വിനോദപ്രദമായി ചെലവഴിച്ചു. ജീവിതത്തിന്റെ വിവിധ തുറകളിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാൻ ഇതുപോലുള്ള വിനോദയാത്രകൾ സഹായിക്കുമെന്നുള്ളതിൽ സംശയമില്ല.

14–ാംതീയതി രാവിലെതന്നെ മുൻകൂട്ടി ഏർപ്പാടുചെയ്തിരുന്ന ബസ്സിൽ ഞങ്ങൾ 'കുന്നൂർ' സിംസ്പാർക്കും, 'പാമോളജിക്കൽ സ്റ്റേഷനും' കാണുവാൻവേണ്ടി പുറപ്പെട്ടു. ഏകദേശം 10 മണിയോടുകൂടി ഞങ്ങൾ 'സിംസ്'പാർക്കിൽ പ്രവേശിച്ചു. പഠനയാത്രയ്ക്ക് ഇറങ്ങിത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിജ്ഞാനസമ്പൂർണ്ണമായ ഒരു സദ്യയാണ് സിംസ്പാർക്ക്. ഞങ്ങൾക്ക് പഠിക്കുവാനുള്ള മിക്കവാറും 'ഫാമിലി'യിൽപ്പെട്ട ചെടികൾ അവിടെ വേണ്ടുവോളമുണ്ടായിരുന്നു. പിന്നീട് ഞങ്ങളുടെ ലക്ഷ്യം 'പാമോളജിക്കൽ സ്റ്റേഷനാ''യിരുന്നു. സർക്കാർ മേൽനോട്ടത്തിലുള്ള ഈ പഴവർഗ്ഗത്തോട്ടത്തിൽ വിവിധ രീതിയിലുള്ള 'സപ്പോട്ടച്ചെടികൾ', 'ആപ്പിൾ വൃക്ഷങ്ങൾ', 'ആപ്രിക്കോട്ട്' മുതലായവ തികഞ്ഞ സംരക്ഷണത്തിൽ സൂക്ഷിച്ചുപോരുന്നു. മലനാടിന് ആണ്ടുതോറും വളരെ പണം സമ്പാദിച്ചുകൊടുക്കുന്ന ഈ തോട്ടത്തെപ്പററി അധികാരികളിൽനിന്നും വളരെയധികം ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞു.

അടുത്ത ദിവസം ഉച്ചയ്ക്കുശേഷം ഞങ്ങൾ 'പൈക്കാറ' അണക്കെട്ട് കാണുന്നതിനു പുറപ്പെട്ടു. മററ് അണക്കെട്ടുകളെ അപേക്ഷിച്ച് ചെറുതാണെങ്കിലും ഇതും കാണേണ്ട ഒരു കാഴ്ചതന്നെയാണ്. ഊട്ടി, കോയമ്പത്തൂർ, കന്നൂർ, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കാവശ്യമുള്ള വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നത് പ്രസ്തുത

# ......എങ്കിലും പാടട്ടെ ഞാൻ!

തേവര, ഗിരിജാവല്ലഭൻ III ബി. എ.

ഭാവനാതീതമാമി–
ക്കാണും പ്രപഞ്ചത്തിൻ
മായികവിലാസങ്ങൾ,
ചിന്തകളുണർത്തുന്നു.
ചക്രവാളത്തെപ്പുൽകും
ദീപ്തരേഖകൾതന്നെ–
യലിയിൽ പ്രകാശിച്ചു
വൈദ്യുതി കൊളുത്തുന്നു.
പൂനിലാവൊളികണ്ടു
ചിരിയ്ക്കും കുമുദങ്ങൾ
പ്രേമഗീതങ്ങൾ പാടി
ച്ചാഞ്ചാടും ഭ്രമരങ്ങൾ
അമ്പിളിതന്നോളങ്ങളിൽ
തത്തിയും പൂവിൻമണം
ചാർത്തിയും പ്രശാന്തതി–
ലെത്തിടും മന്ദാനിലൻ
സങ്കല്പ സൗധത്തിൽ നി–
ന്നെത്രയോ വിദൂരത്തിൽ
സന്തതം വിരാജിച്ചു
ചോദ്യങ്ങളുയർത്തുന്നു
ആത്മസംതൃപ്തിക്കാണീ
വിശദചേഷ്ടകളെങ്കി–
ലത്ഭുതം കാണുന്നതു
സന്തപ്ത രംഗങ്ങളും.
മഞ്ജുളാംബരത്തികൾ
കുങ്കുമമണിയിച്ചു
സുന്ദരൻ ദിവാകരൻ
ചണ്ഡനായ് നിമിഷത്തിൽ
തിരമാലകൾ തല്ലി
തീരങ്ങൾ തകർക്കുന്നു
അതിവർഷത്തിൽ മുങ്ങി
പാടങ്ങളുഴലുന്നു
ചൂഷണം തൊഴിലാക്കി
വാഴുന്നു സമ്പൽക്കർഷ
ഭാഷണം പ്രഖ്യാപിയ്ക്കും
മർത്ത്യരിൽ ചിലരെല്ലാം,
എന്തിനു പാടുന്നു ഞാൻ
സങ്കടങ്ങളെപ്പറ്റി
ചിന്തിച്ചുപോയി
നാനാവൈകൃതങ്ങളെക്കാൺകെ.
എങ്കിലും പാടാൻതന്നെ
മുതിരുന്നെന്നാത്മാവു
സന്തുഷ്ടി കലരുന്ന
ഗാനങ്ങൾ നിരന്തരം.
അന്തരംഗത്തിൽ പൊങ്ങു–
മാദർശതരംഗങ്ങൾ
ബന്ധുരപ്രഹർഷങ്ങൾ
ഭൂലോക രഹസ്യങ്ങൾ
തൂലികയ്ക്കുവിഭ്രമം
നല്കി ഞാൻ കുറിക്കട്ടെ–
യീലോകഗതികളി–
ലുൽക്കർഷം വളർത്തുവാൻ.

---

